# വനിത

OVER SEAS EDITION

പുസ്തകം 35 ലക്കം 3 ഏപ്രിൽ 1-14, 2009

ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള വനിതാ പ്രസിദ്ധീകരണം




## ഉള്ളടക്കം


8 **കണി കാണും നേരം**

കണ്ണന്റെ കുറൂരമ്മയുടെ ഇല്ലപ്പറമ്പിലേക്ക് സീരിയലിലെ 'കുറൂരമ്മ', ചിപ്പി നടത്തിയ തീർത്ഥയാത്ര

12 **ലേഡീസ് ഒൺലി റേഡിയോ**

കോട്ടയത്തു നിന്ന് ഇൻറർനെറ്റിലൂടെ ലോകം മുഴുവനെത്തുന്ന ലേഡീസ് ഒൺലി ഇൻറർനെറ്റ് റേഡിയോ

14 **രാധയെത്തേടി ഗോപിക**

56 **പലഹാരക്കാലം വിഷുക്കാലം**

20 വിഷുപ്പലഹാരങ്ങൾ

18 SHOCKING REPORT

**സൂക്ഷിക്കുക; മൊബൈൽ ക്യാമറ**

മൊബൈൽഫോൺക്യാമറകൾ ചതിക്കുഴികൾ ഒരുക്കുമ്പോൾ സ്ത്രീകൾ ചെയ്യേണ്ടത്.

36 നിപ്പോൺ പെയിൻറ് വനിത ഫിലിം അവാർഡ്സ്:

**കാണാക്കാഴ്ചകൾ**

72 **വിധിയിൽ തളരാതെ അധ്യാപകർ**

ശാരീരിക വൈകല്യങ്ങളെ തോൽപിച്ച നാല് അധ്യാപകർ

69 **പട്ടം പറത്തുന്ന ഡോക്ടർ**

75 **സമയരഥത്തിൻെറ പാട്ടുകാരൻ**

സമയമാം രഥത്തിൽ... എന്ന പാട്ട് എഴുതിയ നാഗേലിനെക്കുറിച്ച്

82C **സമ്പൂർണ വിഷുഫലം**

ജ്യോതിഷ പണ്ഡിതൻ എടപ്പാൾ സി.വി. ഗോവിന്ദൻ കുറിച്ചത്

90 **സൊറ... സൊറ... കല്യാണസൊറ**

മലബാർ കല്യാണങ്ങളിലെ സൊറ വിശേഷം

50 ഫാഷൻ

**ലവ്‌ലി ലാച്ച**










കവർ: മോഹൻലാൽ, ജയറാം, ഗോപിക

ഫോട്ടോ: എബ്രിഡ് ഷൈൻ


Editor
**Prema Mammen Mathew**
Editor-in-Charge
**Manarcad Mathew**
(Responsible for selection of news under the PRB Act)

Printed and Published by
**K.I. George**
for M.M. Publications Ltd, Kottayam-686 001
at M.M. Publications and Malayala Manorama Press.

To Contact Vanitha
For Subscription queries
**subscription@mmp.in**
For Editorial queries
**vanitha@mmp.in**



വനിത തപാലിൽ ലഭിക്കാൻ ലോഗ് ഇൻ ചെയ്യുക:
www.manoramaonline.com/subscribe

## നമ്മളും നമ്മളും തമ്മിൽ

# വനിത വീണ്ടും ഇന്ത്യയിൽ ഒന്നാമത്

## ഈ വിജയത്തിനു ഹൃദയം നിറഞ്ഞ നന്ദി

മലയാളികളുടെ ഏറ്റവും പ്രിയപ്പെട്ട വനിതാ പ്രസിദ്ധീകരണമായ 'വനിത' വളർച്ചയിൽ വീണ്ടും മുന്നിൽ തന്നെ. പ്രസിദ്ധീകരണങ്ങളുടെ പ്രചാരം കണക്കാക്കുന്നതിലെ അവസാന വാക്കായ എബിസി (ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻ) യുടെ കണക്കുകൾ പ്രകാരം 2008 ജൂലൈ–ഡിസംബർ കാലയളവിലെ 'വനിത'യുടെ ശരാശരി പ്രചാരം 5,32,423 കോപ്പികളാണ്. ആറുമാസകാലയളവിൽ ശരാശരി 15,904 കോപ്പികളുടെ വർധനയോടെയാണ് ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള വനിതാ പ്രസിദ്ധീകരണം എന്ന സ്ഥാനം വനിത നിലനിർത്തിയത്.




(ഇന്ത്യയിൽ വിൽക്കുന്ന കോപ്പികൾ മാത്രമാണ് എബിസിയിൽ പരിഗണിക്കുന്നത്. ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, ഇംഗ്ലണ്ട്, ഓസ്ട്രേലിയ തുടങ്ങിയ വിദേശരാജ്യങ്ങളിൽ വിൽക്കുന്ന കോപ്പികൾ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.)

വായനക്കാരുടെ എണ്ണത്തിലും വനിത ഒന്നാം സ്ഥാനത്താണ്. വായനക്കാരുടെ എണ്ണം കണക്കാക്കുന്ന എൻആർഎസ് സർവേ പ്രകാരം നാൽപതു ലക്ഷത്തിലേറെ (40.86 ലക്ഷം) വായനക്കാരാണു വനിതയ്ക്കുള്ളത്.




ഈ വളർച്ചയ്ക്കു ഞങ്ങൾ കടപ്പെട്ടിരിക്കുന്നതു പ്രിയപ്പെട്ട വായനക്കാരോടും കോപ്പികൾ കാര്യക്ഷമമായി വിതരണം ചെയ്യുന്ന ഏജൻസി സുഹൃത്തുക്കളോടുമാണ്. വിജയത്തിന്റെ ഈ നിമിഷത്തിൽ നിങ്ങളോരോരുത്തരോടും 'വനിത' ഹൃദയപൂർവം നന്ദി പറയുന്നു. കാരണം, ഈ വിജയം നിങ്ങളുടെ കൂടി വിജയമാണ്. 'വനിത'യെ ഒഴിച്ചു കൂടാനാവാത്ത ഒരു സ്നേഹവികാരം പോലെ മനസിനോടു ചേർത്തു നിർത്തുന്നവരുടെ വിജയം.

തുടക്കം മുതലേ സ്ത്രീജീവിതത്തിന്റെ ഒപ്പമായിരുന്നു 'വനിത'യുടെ സ്നേഹാക്ഷരങ്ങൾ. അറിവുകളും ഉപദേശങ്ങളും വാർത്തകളും വിശേഷങ്ങളും സന്ദേശങ്ങളും നിറഞ്ഞ താളുകളുമായി മാസത്തിൽ രണ്ടു തവണ വനിത മലയാളിവനിതകളെ തേടിയെത്തുന്നു. വിജയങ്ങളിൽ പ്രചോദനമായും അനീതികൾക്കെതിരെ കലഹിച്ചും ദുഃഖങ്ങളിൽ സാന്ത്വനം പകർന്നും ഓരോ ചുവടുവയ്പിലും ആത്മവിശ്വാസമേകിയും അവരോടൊപ്പം നിൽക്കുന്നു. അങ്ങനെയാണ് 'വനിത' മലയാളിവനിതകളുടെ സുഹൃത്തും വഴികാട്ടിയുമായത്.

വായനയുടെ ഈ ഹൃദയബന്ധം ഇനിയും കൂടുതൽ ഉയരങ്ങളിലെത്താൻ എല്ലാ വായനക്കാരുടേയും പൂർണസഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**ഏവർക്കും സ്നേഹം നിറഞ്ഞ വിഷു–ഈസ്റ്റർ ആശംസകൾ.**

# കണികാണും നേരം

**ഇതു കുറൂരമ്മ ജീവിച്ചിരുന്ന വെങ്ങിലശേരി. ഉണ്ണിക്കണ്ണൻ ഓടിക്കളിച്ച മണ്ണ്, ആ മണ്ണിൽ, കുറൂരമ്മയുടെ ഭക്തിയിലേക്കു നടി ചിപ്പി നടത്തിയ തീർത്ഥാടനം**

പോക്കുവെയിലിൽ മഞ്ഞ പുതച്ചു കിടക്കുകയായിരുന്നു വെങ്ങിലശേരി ഗ്രാമം. ഇലകൊഴിഞ്ഞ മരങ്ങളാണു ചുറ്റും. ഇല്ലി നട്ട് അതിർത്തി തിരിച്ച ഇടവഴികൾ. ഓർമയും ചരിത്രവും ഭക്തിയുമൊക്കെ ബാക്കി വച്ചു നേർത്തു നേർത്ത് ഒഴുകുന്ന വടക്കാഞ്ചേരിപ്പുഴ.

ഈ ഗ്രാമത്തിലായിരുന്നു കൃഷ്ണഭക്തിയുടെ പര്യായമായിരുന്ന കുറൂരമ്മയുടെ മന. വികൃതി കാണിച്ച കൃഷ്ണനെകുറൂരമ്മ ഉരലിൽ കെട്ടിയിട്ടത് ഈ മനമുറ്റത്തായിരുന്നു. വെണ്ണ കട്ടെടുക്കാനും മയിൽപ്പീലികൊണ്ടു തല്ലുവാങ്ങാനും ഉണ്ണിക്കണ്ണൻ ഓടിയെത്തിയിരുന്നത് ഈ മനയിലായിരുന്നുവെന്നു വിശ്വാസങ്ങൾ വിളിച്ചു പറയുന്നു.

നൂറ്റാണ്ടുകൾ കഴിഞ്ഞു. മന പൊളിഞ്ഞു. ആ മണ്ണിൽ നാട്ടുകാർ ഒരു ക്ഷേത്രം പണിതു 'കുറൂരമ്മ ശ്രീകൃഷ്ണക്ഷേത്രം. മനയിലെ ചില അംഗങ്ങൾ മറ്റു സ്ഥലങ്ങളിലേക്കു ചേക്കേറി. എങ്കിലും മന നിന്ന മണ്ണും കുറൂരമ്മയുടെ ഭക്തിയും ഇവിടെ ഇപ്പോഴും ബാക്കിയുണ്ട്.

ആ ഭക്തി ഇടയ്ക്കിടയ്ക്കു കഥകളായും പാട്ടുകളായും പുനർജനിച്ചു. അടുത്തകാലത്തു ചില ടെലിവിഷൻ സീരിയലുകളിലൂടെ കുറൂരമ്മ മലയാളിയുടെ സ്വീകരണമുറിയിലേക്കു ഭക്തിപൂർവം കടന്നുവന്നു.

ഇപ്പോൾ കുറൂരമ്മയെന്നു കേൾക്കുമ്പോൾ മലയാളിയുടെ മനസിലേക്ക് ആദ്യമെത്തുന്ന മുഖം, നടി ചിപ്പിയുടേതാണ്. ഒരു ടെലിവിഷൻ സീരിയലിലൂടെ കുറൂരമ്മയായി ചിപ്പി മലയാളിയുടെ ഭക്തിമനസിനെ കീഴടക്കി. ഭക്തിയും വാത്സല്യവും കൊണ്ട് നനഞ്ഞ കണ്ണുകളുമായി കുറൂരമ്മയുടെ യൗവനവും വാർധക്യവുമൊക്കെ ചിപ്പി നന്നായി അവതരിപ്പിച്ചു. വേഷം അഴിച്ചു വച്ചെങ്കിലും കൃഷ്ണനും കുറൂരമ്മയും ചിപ്പിയുടെ മനസിനെ തൊട്ടുകൊണ്ടിരുന്നു. അങ്ങനെയാണ് കണ്ണൻ ഓടിക്കളിച്ച മണ്ണിലേക്കു കുറൂരമ്മയുടെ മനസുമായി ഒരു വൈകുന്നേരം ചിപ്പിയും മകൾ അവന്തികയും വന്നത്. 'വനിതയാണ് അതിന് അവസരമൊരുക്കിയത്. വെങ്ങിലശേരിക്കാരെ സംബന്ധിച്ച് അതൊരു സ്നേഹസംഗമമായി. കാരണം, കഥാപാത്രമായെങ്കിലും കണ്ട കുറൂരമ്മയുടെ സാമീപ്യം തന്നെ.

'ഞാൻ നല്ലൊരു ഭക്തയാണ്. ആ സീരിയലിൽ കുറൂരമ്മയായി അഭിനയിച്ച ശേഷം കൂടുതൽ കൃഷ്ണഭക്തയായി. അഭിനയിക്കുകയായിരുന്നില്ല. എല്ലാം ഭഗവാനോടു പറയുകയായിരുന്നു.' ചിപ്പിയുടെ കണ്ണുകളിൽ ഭക്തിയുടെ നിറവ്. അവന്തികയോടൊപ്പം ശ്രീകോവിലിൽ വലംവച്ചു തൊഴുതു ചിപ്പി ക്ഷേത്രഭാരവാഹികളോടു സംസാരിച്ചു.

കുറൂരമ്മയെക്കുറിച്ചു പറയാൻ അവർക്കു വലിയ താൽപര്യമായിരുന്നു കാരണം വെങ്ങിലശേരിയെ സംബന്ധിച്ച് ഈ



ചിപ്പിയും മകൾ അവന്തികയും കുറൂരമ്മ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ

# രം കമലനേത്രന്റെ...



മണ്ണ് അത്രയ്ക്കു പാവനമാണ്.

'കുറൂർമന നിന്നിരുന്ന സ്ഥലം മനപ്പറമ്പ് എന്നാണ് അറിയപ്പെട്ടിരുന്നത്. വളരെ യാദൃച്ഛികമായ ചില സംഭവങ്ങളാണു മനപ്പറമ്പിൽ ഒരു ക്ഷേത്രം നിർമിക്കാൻ കാരണമായത്.' കുറൂരമ്മ ശ്രീകൃഷ്ണക്ഷേത്രത്തിന്റെ പ്രസിഡന്റ് ശങ്കരനാരായണൻ നായർ പറഞ്ഞു.

തൃശൂർ കുന്ദംകുളം റൂട്ടിൽ കേച്ചേരിയിൽ നിന്ന് ആറു കിലോമീറ്റർ കിഴക്കു മാറിയാണ് വെങ്ങിലശേരി ഗ്രാമം. ചേർന്തല മഹാദേവക്ഷേത്രവും മണിമലർക്കാവ് ദേവി ക്ഷേത്രവും ഇവിടെയുണ്ട്. ഇതിൽ ചേർന്തല മഹാദേവക്ഷേത്രത്തിൽ നടത്തിയ ഒരു അഷ്ടമംഗല്യപ്രശ്നചിന്തയിലാണു ശ്രീകൃഷ്ണചൈതന്യം ആ ഗ്രാമത്തിലുണ്ടെന്നു തെളിഞ്ഞത്. ആ അന്വേഷണം അവസാനിച്ചതു മനപ്പറമ്പിലായിരുന്നു. അതാകട്ടെ കുറൂർ മനയുടെ പഴമയിലേക്കുള്ള വെളിച്ചവുമായി.

പാലക്കാട്ടായിരുന്നു കുറൂർമന. അവിടെ നാട്ടുരാജാവുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്നു കുറൂർമന വെങ്ങിലശേരിയിലേക്കു പറിച്ചു നട്ടു. കുറൂർ മനയിലെ ഒരു നമ്പൂതിരി തൃശൂർ ബ്രഹ്മസ്വം മഠത്തിലെ വേദാധ്യാപകനായിരുന്നു. അദ്ദേഹം പുറയന്നൂർ മനയിലെ ഗൗരി അന്തർജ്ജനത്തെ വിവാഹം കഴിച്ചു കുറൂർമന



വടക്കാഞ്ചേരിപ്പുഴ, വെങ്ങിലശേരിയുടെ അരഞ്ഞാണം

യിലേക്കു കൊണ്ടു വന്നു. ചെറുപ്പത്തിലേ കൃഷ്ണഭക്തയായ ഗൗരി അന്തർജനം ലൗകിക ജീവിതത്തോടു വിരക്തിയുള്ളവളായിരുന്നു. അകാലത്തിൽ ഭർത്താവ് മരിക്കുക കൂടി ചെയ്തതോടെ ഗൗരി അന്തർജനത്തിന്റെ ജീവിതം കൃഷ്ണഭക്തിയിൽ മാത്രമായി. എന്നാൽ കൃഷ്ണഭക്തിയോടെ മാത്രം ജീവിച്ച ഗൗരി അന്തർജനം ബന്ധുക്കളുടെ മുന്നിൽ പരിഹാസ്യയായി. മാത്രമല്ല മനയിലെ മറ്റുള്ളവർ അടാട്ട് പുതിയ മന നിർമിക്കുകയും താമസം അങ്ങോട്ടു മാറ്റുകയും ചെയ്തു. കുറൂരമ്മയും കൃഷ്ണഭക്തിയും മാത്രം വെങ്ങിലശേരിയിലെ മനയിൽ അവശേഷിച്ചു. പിന്നീടു വിശ്വാസങ്ങളിലൂടെ പുനർജനിച്ച അനേകം കഥകൾക്ക് ഈ മന, സാക്ഷിയാവുകയും ചെയ്തു. അതിലൊന്നായിരുന്നു കുറൂരമ്മയുടെ നിർവാണം. ശരീരം പോലും ഭൂമിയിൽ അവശേഷിപ്പിക്കാതെ കുറൂരമ്മ അപ്രത്യക്ഷയാവുകയായിരുന്നു എന്നാണ് വിശ്വാസങ്ങൾ പറയുന്നത്. കുറൂരമ്മയുടെ നിർവാണത്തിനുശേഷം മന നശിച്ചു. എന്നാൽ, ആ ഭൂമി അന്യാധീനപ്പെട്ടില്ല. മനയിരുന്ന സ്ഥാനം കൈയേറാനും ആർക്കും ധൈര്യമുണ്ടായില്ല...

''കണി കാണും നേരം കമലനേത്രൻെറ
നിറമേറും മഞ്ഞത്തുകിൽ ചാർത്തി
കനകകിങ്ങിണി വളകൾ മോതിരം
അണിഞ്ഞു കാണേണം ഭഗവാനേ....'' സംഭാഷണത്തിനിടയിൽ ഒഴുകിയെത്തുന്ന വരികൾ. കുറൂരമ്മയുടെ കഥ കേട്ടുകൊണ്ടിരുന്നപ്പോൾ അവന്തികയ്ക്കു കൗതുകം. താൻ അഭിനയിച്ച സീരിയലിലെ കഥാപാത്രങ്ങൾക്കു ജീവൻ വയ്ക്കുന്നതു പോലെ തോന്നുന്നുവെന്നു ചിപ്പി. 'ഗുരുവായൂർ അമ്പലത്തിൽ ചെല്ലുമ്പോൾ ഇപ്പോൾ ആൾക്കാരൊക്കെ ചോദിക്കുന്നത് കുറൂരമ്മ ബാലഗോപാലനെ കാണാൻ വന്നോ എന്നാണ് അതു കേൾക്കുമ്പോൾ വല്ലാത്ത സന്തോഷമാണ് എനിക്ക്.' ചിപ്പിയുടെ വാക്കുകളിൽ ആർദ്രത.

**'ഒന്നും രേഖപ്പെടുത്തി വയ്ക്കണമെന്ന് അന്നുള്ളവർക്ക് തോന്നിയില്ല. എല്ലാം കേട്ടുകേൾവികൾ മാത്രം..'**

## പഴമ നിലനിർത്തുന്ന അമ്പലം

ക്ഷേത്ര നിർമാണത്തിനായി മനയിരുന്ന സ്ഥലം കുഴിച്ചപ്പോൾ പഴയ മനയുടെ അവശിഷ്ടങ്ങൾ കിട്ടുകയുണ്ടായി. അക്കാലത്തു പുര മേഞ്ഞിരുന്ന കൂരോടുകളായിരുന്നു അങ്ങനെ കിട്ടിയ അവശിഷ്ടങ്ങളിലൊന്ന്. മനയിലേക്കു ആവശ്യമുള്ള വെള്ളം എടുത്തിരുന്ന കൊക്കരിണി ഈ അടുത്തകാലത്താണ് മൂടിപ്പോയത്.

'നാലു നൂറ്റാണ്ടു മുമ്പ് നിലനിന്നിരുന്ന ഒരു ഇല്ലപ്പറമ്പ് അന്യാധീനപ്പെടാതെ ഇത്രയും കാലം ആരു സംരക്ഷിച്ചു എന്നതു തന്നെ ഒരു അദ്ഭുതമല്ലേ?' ക്ഷേത്രത്തിൻെറ സെക്രട്ടറി സുരേഷ് കുമാറിൻെറ ചോദ്യം കേട്ടപ്പോൾ ചിപ്പിക്കു പിന്നെയും അദ്ഭുതമായി.

ഒരമ്മയും മകനും തമ്മിലുള്ള സ്നേഹത്തിൻെറ ആഴവും വാത്സല്യവുമുണ്ട് കുറൂരമ്മയും കൃഷ്ണനും തമ്മിൽ.

ഇവിടെ പൗരാണികരീതിയിൽ തന്നെ ക്ഷേത്രം നിർമിക്കണമെന്നു ഗ്രാമീണർക്കു നിർബന്ധമായിരുന്നു. അങ്ങനെ വാസ്തുവിദ്യാപ്രകാരവും താന്ത്രിക വിധിപ്രകാരവും നിർമിച്ചതാ

പരമേശ്വരൻ നമ്പൂതിരിപ്പാടും ഭാര്യ കമലം അന്തർജനവും



അടാട്ട് കുറൂർമനയിലെ സർപ്പക്കാവ്





# കൈപ്പത്തി പ്രതിഷ്ഠയുമായി കല്ലേക്കുളങ്ങര

ഫോട്ടോ: രാജൻ എം. തോമസ്

ഇതു കല്ലേക്കുളങ്ങര ഭഗവതിക്ഷേത്രം. കൈപ്പത്തി ക്ഷേത്രമെന്നും ഹേമാംബികാക്ഷേത്രമെന്നും അറിയപ്പെടുന്ന അപൂർവക്ഷേത്രമാണിത്. മലമ്പുഴയ്ക്ക് അടുത്തുള്ള ഈ ഭഗവതിക്ഷേത്രത്തിലാണു കുറൂർമനയുടെ വേരുകൾ പടർന്നു കിടക്കുന്നത്.

ഐതിഹ്യങ്ങളിലും ചരിത്രത്തിലും ഒരുപോലെ സ്ഥാനമുണ്ട് ഈ ക്ഷേത്രത്തിന്. കേരളത്തിന്റെ സംരക്ഷണത്തിനുവേണ്ടി പരശുരാമൻ നാല് അംബികമാരെ പ്രതിഷ്ഠിച്ചുവെന്നും അതിൽ ഒരു അംബികയാണു കല്ലേക്കുളങ്ങര ഭഗവതിയെന്നുമാണ് ഐതിഹ്യം പറയുന്നത്. കിഴക്കു കരിമലയിലാണു ഹേമാംബികയെ പ്രതിഷ്ഠിച്ചത്. വടക്കു കൊല്ലൂരിൽ മൂകാംബികയേയും പ്രതിഷ്ഠിച്ചു. കല്ലേക്കുളങ്ങര ക്ഷേത്രം ആദ്യകാലത്ത് കരിമലയിലായിരുന്നുവെന്നും ശങ്കരാചാര്യരുടെ കാലത്താണു ക്ഷേത്രം ഇവിടേക്കു മാറ്റിയതെന്നും വിശ്വസിക്കപ്പെടുന്നു. നെല്ലിയാമ്പതിയുടെ കൊടുമുടിയാണ് കരിമല. അകത്തെത്തറയിൽ സ്ഥിതിചെയ്തിരുന്ന കുറൂർമനയിലെ നമ്പൂതിരിയായിരുന്നു കരിമലയിലെ ക്ഷേത്രങ്ങളിൽ ചെന്നുപൂജ നടത്തിയിരുന്നത്. വാർധക്യകാലത്തു പൂജ നടത്താൻ കഴിയാതെ വന്നപ്പോൾ മലമ്പുഴയ്ക്ക് അടുത്തു മുതിരാംകുന്നിൽ ദേവിയെ ആവാഹിച്ചു കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. എന്നാൽ, നമ്പൂതിരിക്കു രോഗങ്ങൾ കലശലായപ്പോൾ മുതിരാംകുന്നിലേക്ക് പോകാൻ കഴിയാതെയും വന്നു. അങ്ങനെ ദുഃഖിച്ചിരുന്ന നമ്പൂതിരി ഒരു ദിവസം മനയിലെ കുളത്തിൽ കുളിക്കുമ്പോൾ ദേവി, ദർശനം നൽകിയെന്നും ഭക്തിപാരവശ്യത്തിൽ നമ്പൂതിരി ദേവിയുടെ കൈകളിൽ കടന്നു പിടിച്ചെന്നും അങ്ങനെ രണ്ടു കൈകളും കല്ലായി മാറിയെന്നുമാണ് ഐതിഹ്യം. ആ കല്ലാണു പിന്നീടു കൈപ്പത്തി പ്രതിഷ്ഠയായി മാറിയത്. പാലക്കാട് രാജാവ് പിന്നീട് ആ കുളം നികത്തി ക്ഷേത്രം പണിതു. ക്ഷേത്ര പ്രതിഷ്ഠ നമ്പൂതിരിക്ക് ദർശനം കിട്ടിയ കൈപ്പത്തികൾ തന്നെയായിരുന്നു. വലിയ കുളക്കരയിലാണ് ഇപ്പോൾ ക്ഷേത്രം നിലനിൽക്കുന്നത്.

പാലക്കാട് ഭരിച്ചിരുന്ന രാജാവുമായുള്ള അസ്വാരസ്യം മൂലം കുറൂർമനക്കാർക്ക് കല്ലേക്കുളങ്ങര ക്ഷേത്രം വിട്ടു പോകേണ്ടി വന്നു. അങ്ങനെയാണു തൃശൂർ - കുന്നംകുളം റൂട്ടിലെ ചെങ്ങഴിക്കോട്ട് എത്തിയത്. ചെങ്ങഴിക്കോട്ട് നമ്പ്യാർ കുറൂർമനക്കാർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയായിരുന്നു. ചെങ്ങഴിക്കോട്ട് ഗ്രാമത്തിൽ മനയ്ക്കു വേണ്ട അടിസ്ഥാന ആവശ്യങ്ങളായ പുഴ, ക്ഷേത്രം തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്നു. ഏറെക്കുറെ നാനൂറുവർഷത്തെ പഴക്കമാണു കുറൂർമനയ്ക്കു ചരിത്രകാരന്മാർ കൽപ്പിക്കുന്നത്.

ണ് ഇപ്പോൾ കാണുന്ന ശ്രീകോവിൽ. ഏഴടി താഴ്ചയിൽ മണ്ണു നീക്കി കരിങ്കല്ലിൽ ചുറ്റും പടവുകൾ തീർത്തു ശേഷിക്കുന്ന നടുഭാഗത്തു പുഴമണൽ നിറച്ചാണ് ആറ് അംഗങ്ങളുള്ള പ്രതിഷ്ഠ നിർവഹിച്ചത്. ബാലഗോപാല പ്രതിഷ്ഠയാണ് ഇവിടെ. വെണ്ണയ്ക്കു വേണ്ടി തുറന്നു വച്ച തൃക്കൈ. മറ്റൊരു കൈയിൽ പൊന്നോടക്കുഴൽ. കുസൃതിക്കണ്ണന് ഉടുക്കാൻ പട്ടുകോണകം. തൃക്കൈയിൽ വയ്ക്കുന്ന വെണ്ണയാണു നിർമാല്യത്തിനു ശേഷം ഭക്തർക്കു പ്രസാദമായി കൊടുക്കുന്നത്.

'വിളിച്ചാൽ വിളി കേൾക്കുന്ന ഉണ്ണികൃഷ്ണനാണിവിടെ..' ഭക്തനായ ശങ്കരൻ നമ്പ്യാർ ചിപ്പിയോടു പറഞ്ഞു. മുംബൈ ഭാഭാ അറ്റമിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സീനിയർ സയന്റിസ്റ്റായിരുന്നു ശങ്കരൻ നമ്പ്യാർ.

കുറൂരമ്മയുടെ പിന്മുറക്കാർ ആരെങ്കിലും ജീവിച്ചിരിക്കുന്നോ എന്നാരാഞ്ഞു ചിപ്പി. 'വേലൂരിൽ നിന്ന് അടാട്ടേക്കാണ് കുറൂർമനക്കാർ താമസം മാറ്റിയത്. കുറൂർമനയെ വീണ്ടും ചരിത്രത്തിന്റെ ഭാഗമാക്കിയ സ്വാതന്ത്ര്യ സമരസേനാനി നീലകണ്ഠൻ നമ്പൂതിരിപ്പാട് ജനിച്ചത് ഈ മനയിലായിരുന്നു. ഏതാനും വർഷം മുമ്പാണ് ആ മന പൊളിച്ചത്. കുറൂർമനയിലെ ഇപ്പോഴത്തെ കാരണവർ പരമേശ്വരൻ നമ്പൂതിരിപ്പാടാണ്. ഇദ്ദേഹവും ഭാര്യ കമലവും മക്കളുമാണു മനയിരുന്ന സ്ഥലത്തു വച്ച പുതിയ വീട്ടിൽ ഇപ്പോൾ താമസിക്കുന്നത്. മന പൊളിച്ചു പോയെങ്കിലും ചുറ്റുമതിലും സർപ്പക്കാവും കുളവും ഇപ്പോഴും അവിടെയുണ്ട്.' ക്ഷേത്രത്തിന്റെ ഓഡിറ്റർ ചന്ദ്രശേഖരൻ നമ്പ്യാർ ചിപ്പിയുടെ സംശയം തീർത്തു.

ഐതിഹ്യവും വിശ്വാസവുമായി സംസാരം നീണ്ടുപോയപ്പോൾ സന്ധ്യ ഇരുളുകയായിരുന്നു. മനപ്പറമ്പിൽ നിന്നു നോക്കുമ്പോൾ ആകാശം ഒഴിഞ്ഞുപോകുന്ന പക്ഷികൾ. മൈതാനങ്ങളിൽ ആരവങ്ങൾ നിലയ്ക്കുന്നു. സപ്തസ്വരങ്ങൾ പാടി പഠിക്കുന്ന കുഞ്ഞുങ്ങൾ. ശ്രീകോവിലിനു ചുറ്റും കർപ്പൂരഗന്ധം. കൽവിളക്കിൽ തിരി തെളിയുന്നു.

ദീപാരാധനയ്ക്കു നട അടയ്ക്കുന്നു. എല്ലാ കണ്ണുകളും കൃഷ്ണചൈതന്യത്തിലേക്ക്. പതിഞ്ഞു വീശുന്ന കാറ്റ്. കൽവിളക്കിൽ തിരി തെളിച്ച് കൃഷ്ണനു മുന്നിൽ അവന്തികയെ ചേർത്തുപിടിക്കുമ്പോൾ ചിപ്പി അറിഞ്ഞത് മാതൃവാത്സല്യത്തിന്റെ കുളിരായിരുന്നു.

കൃഷ്ണഭക്തിയുടെ നിറവിലും തനിക്കു മുന്നിൽ പ്രത്യക്ഷനായ ഉണ്ണിക്കു കുറൂരമ്മ നൽകിയ സ്നേഹം പോലെ....

---

വി. ആർ. ജ്യോതിഷ്

ഫോട്ടോ: ശ്രീകാന്ത് കളരിക്കൽ




# ലേഡീസ് ഒൺലി റേഡിയോ

**കോട്ടയത്തു നിന്നുള്ള സ്പേസ്ഫോർറേഡിയോ.കോം എന്ന ഇൻറർനെറ്റ് റേഡിയോയിൽ നിന്നുപെൺ സ്വരം മാത്രം കേൾക്കാം.**

അറിയിപ്പ്: ഫീച്ചർ വായിച്ചു കഴിഞ്ഞ് ഈ സ്ഥാപനത്തിൽ ജോലി കിട്ടണമെന്നു പുരുഷന്മാർക്കു ആഗ്രഹമുണ്ടായാൽ അതു മനസിൽ അടക്കുക. കാരണം, ഇതൊരു ലേഡീസ് കംപാർട്ട്മെൻറ് പോലെയാണ്. ഒൺലി കിളിമൊഴി.

കോട്ടയത്തെ സ്പേസ് ഫോർ റേഡിയോ ഡോട്ട്കോമിൻെറ ഓഫീസ്. സ്റ്റുഡിയോയുടെ വാതിൽ തുറന്ന് അകത്തു കയറുമ്പോൾ ദേ കേൾക്കുന്നു വാണിയുടെ കളമൊഴി:

''നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നതു സ്ത്രീകൾ മാത്രം അവതാരകരായ ലോകത്തെ ആദ്യ ഇൻറർനെറ്റ് റേഡിയോ.... സ്പേസ്ഫോർറേഡിയോഡോട്ട്കോം.... ഇന്നു ഞാൻ വന്നിരിക്കുന്നതു പുതുപുത്തൻ പാട്ടുകളുമായാണ്.'' വാണി 'കത്തി'ക്കയറുന്നു.

തൊട്ടപ്പുറം സ്പേസ് ഫോർ റേഡിയോ ഡോട്ട് കോമിൻെറ ചീഫ് പ്രോഗ്രാം കോർഡിനേറ്റർ കവിത രാജഗോപാൽ ഇരിക്കുന്നു. എന്തിനാണു പുരുഷന്മാരോട് ഇങ്ങനെയൊരു വിരോധം? അവർക്കും ചാൻസു കൊടുത്തൂടേ?

കവിത: ''ഞങ്ങൾ പുരുഷ വിദ്വേഷികളാണെന്നു തെറ്റിദ്ധരിക്കല്ലേ. ഈ സ്ഥാ



പനത്തിൻെറ വളർച്ചയ്ക്കു പിന്നിൽ പുരുഷന്മാരുമുണ്ട്. പക്ഷേ, അവതാരകരാവാൻ അവർക്ക് ചാൻസില്ല. സ്ത്രീകൾ മാത്രം ആർജെകളായ ലോകത്തെ ആദ്യ റേഡിയോ എന്നു ഗിന്നസിൽ വരുത്താനുള്ള ശ്രമത്തിലാ ഞങ്ങൾ....''

www.spaceforradio.com എന്ന സൈറ്റ് തുറന്നാൽ ലോകത്ത് എവിടെ നിന്നും നിങ്ങൾക്ക് ഈ റേഡിയോ കേൾക്കാം. ജിപിആർഎസ് സൗകര്യമുള്ള മൊബൈൽഫോണുകളിലും ഈ സൗകര്യം ലഭിക്കും.

### ടീച്ചർ ടു ആർജെ

കവിതാ രാജഗോപാലിന് ഈ ഐഡിയ തോന്നുന്നത് മൂന്നു വർഷം മുമ്പാണ്. കോട്ടയത്തെ ബെൽമോണ്ട് സ്കൂളിൽ കെമിസ്ട്രി അധ്യാപികയാവും മുമ്പ് ചാനൽ അവതാരകയായിരുന്നു കവിത. അധ്യാപികയായിട്ടും ആ വേഷം മനസിൽ നിന്നിറങ്ങിപ്പോയില്ല. ഇൻറർനെറ്റിനോടുള്ള ഇഷ്ടം കൂടിയപ്പോൾ ആദ്യ സംപ്രേഷണത്തിനുള്ള അരങ്ങൊരുങ്ങി.

കവിതയുടെ ഭർത്താവ് രാജഗോപാലിൻെറയും സുഹൃത്തുക്കളുടേയും പ്രോത്സാഹനവും കൂടിയായപ്പോൾ സ്പേസ് ഫോർ റേഡിയോ പിറന്നു. സെബിൻ പി. കുര്യൻ എന്ന സുഹൃത്തിൻെറ സ്ട്രീമിങ് സെർവറിലൂടെ (പ്രക്ഷേപണം ചെയ്യാനാവുന്ന സെർവറുകൾ) റേഡിയോ പാടിത്തുടങ്ങി.



കവിത രാജഗോപാൽ(കറുപ്പുസാരി) മറ്റ് ആർജെകൾക്കൊപ്പം

കൊച്ചിയിൽ ആദ്യത്തെ സ്റ്റുഡിയോ തുടങ്ങി. ആദ്യം പത്തു കേൾവിക്കാർ മാത്രം. എന്നാൽ, ഇപ്പോൾ ചുരുങ്ങിയത് അയ്യായിരത്തോളം പേർ ഈ ഇൻറർനെറ്റ് റേഡിയോ കേട്ടുകൊണ്ടേയിരിക്കുന്നു. ഇതുവരെ മൂന്നു ലക്ഷത്തിലധികം പേർ കേട്ടുകഴിഞ്ഞു. മൂന്നു പ്രോഗ്രാമിൽ തുടങ്ങിയ സ്പേസ്ഫോർറേഡിയോയിൽ നിന്നു ചിരിയും സംഗീതവും സംവാദവുമൊക്കെയായി 24 മണിക്കൂറും നോൺസ്റ്റോപ് പരിപാടികൾ. ഇതിൽ ഫ്രഷ് പ്രോഗ്രാമുകൾ വൈകിട്ടു മൂന്നു മുതൽ രാത്രി 11 വരെയാണ്.

### ആർജെ വേട്ട

എട്ടു വയസുള്ള പൂജയും സ്വർണയും മുതൽ അറുപതുകാരി കാർത്യായനിയമ്മ വരെ ജോക്കികളാണ്. ഇവരിൽ പലരും ബന്ധുക്കളും സുഹൃത്തുക്കളുമാണ്. പക്ഷേ, എല്ലാവരേയും തിരഞ്ഞെടുത്തത് ശബ്ദവും കഴിവുമൊക്കെ നോക്കിയിട്ടു തന്നെയാണെന്നു കവിത.

''ആദ്യം ഒരു പ്രമുഖ ചാനലിൽ നിന്നു വാണിയെത്തി. ഫ്രീലാൻസ് പത്രപ്രവർത്തകയായി ജോലി നോക്കുകയായിരുന്ന ദീപ്തി എന്നെ ഇൻറർവ്യൂ ചെയ്യാനായി വന്നതാണ്. ഒടുവിൽ ദീപ്തിയും ഞങ്ങൾക്കൊപ്പമായി. പിന്നെ എൻെറ വിദ്യാർഥികൾ, അവരുടെ അമ്മമാർ, എൻെറ അമ്മ, അമ്മയുടെ സുഹൃത്തുക്കൾ അനുജത്തിമാർ, അവരുടെ സുഹൃത്തുക്കൾ...'' കവിത പറയുന്നു.

ഈ കൂട്ടത്തിൽ അഞ്ചു ഡോക്ടർമാരുമുണ്ട്. കവിതയുടെ അനുജത്തിമാരായ ഹർഷയും വർഷയും. ഒപ്പം ചിനുവും പ്രിയയും കാർത്തുവും. ''അവതാരകരാവുക ശരിക്കും ഒരു പാഷനാണ്. ശബ്ദം കൊണ്ടു തിരിച്ചറിയുക ഭാഗ്യമല്ലേ?'' ചിന്നും പ്രിയയും.

പക്ഷേ, കുട്ടിക്കളിക്കു മുതിർന്നവരില്ല. സംവാദം പോലുള്ള ഗൗരവമുള്ള പരിപാടികളിലേ ഇവർ പങ്കെടുക്കാറുള്ളൂ. വീട്ടമ്മമാരായതു കൊണ്ടു വിഷയങ്ങൾ പലതും നിത്യജീവിതത്തിൽ നിന്നാണ്.

''ഓർക്കാപ്പുറത്തു വീട്ടിലെത്തുന്ന അതിഥി, കൗമാരക്കാരും മാതാപിതാക്കളും, പരീക്ഷാപ്പേടി അങ്ങനെ ഒട്ടേറെ വിഷയങ്ങൾ ഞങ്ങളുടെയൊക്കെ അനുഭവത്തിൽ നിന്നാണു കിട്ടുന്നത്.'' സംവാദം അവതരിപ്പിക്കാറുള്ള പ്രേമയും പത്മയും ലക്ഷ്മിയും പറയുന്നു.

വൈകിട്ടു സ്കൂൾ വിട്ടു വന്നാൽ കവിത കംപ്യൂട്ടറിനു മുന്നിലാണ്. ക്ഷമയും തോൽക്കാത്ത മനസും തിരക്കുകൾ തിരിച്ചറിയുന്ന കുടുംബവുമുണ്ടെങ്കിലേ ഇത്തരം ഒരു പ്രസ്ഥാനം തുടങ്ങാനാവൂ എന്നു കവിത.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഒരാൾക്കു മാത്രമേ പരാതിയുള്ളൂ. കവിതയുടെ മകൻ തേജസിന്. ''സ്കൂളിൽ എല്ലാ കലാപരിപാടികൾക്കും ഞാനാ മിടുക്കൻ. പക്ഷേ, അമ്മയുടെ റേഡിയോയിൽ ഞാനൊരു പാട്ടു പാടാന്നു വച്ചപ്പോ ഇത് പെൺകുട്ടികളുടെ റേഡിയോയാണെന്ന്''

പരാതികൾ കേട്ട് കവിതയും സ്പേസ് ഫോർ റേഡിയോ ടീമും ചിരിച്ചുകൊണ്ടേയിരിക്കുന്നു.

വിജീഷ് ഗോപിനാഥ്
ഫോട്ടോ : ഹരികൃഷ്ണൻ

## റേഡിയോ തുടങ്ങാൻ

- www.internic.net എന്ന വെബ് സൈറ്റിൽ നിങ്ങളുടെ ഡൊമൈൻ നെയിം (വെബ്സെറ്റിൻെറ പേര്) രജിസ്റ്റർ ചെയ്യുക. ഇതിന് ഏകദേശം 500രൂപ ചെലവാകും
- ഓഡിയോ സ്ട്രീമിങ് ഉള്ള സെർവർ നിങ്ങൾ വാടകയ്ക്ക് എടുക്കണം. ഇതിന് പ്രതിമാസം 25,000 രൂപയാവും. ഇതുവഴിയാണു പ്രക്ഷേപണം നടത്തുക.
- തുടർന്ന് വെബ്സൈറ്റ് ഡിസൈൻ ചെയ്യുക. പ്രോഗ്രാമുകൾ റെക്കോർഡു ചെയ്യുക.
- റെക്കോർഡു ചെയ്ത പ്രോഗ്രാമുകൾ സ്ട്രീമിങ് സെർവറിലേക്ക് അപ്ലോഡ് ചെയ്യുക.



ജോക്കീസ്: മറിയം, ചിനു, ദീപ്തി, വാണി,പ്രിയ



സുഗതകുമാരിയുടെ രാധയെവിടെയെന്ന കവിതയ്ക്കു ദൃശ്യഭാഷയൊരുക്കുന്നു പ്രശസ്ത മോഹിനിയാട്ടം നർത്തകി ഗോപികാവർമ.

# രാധയെത്തേ ഗോ

ചെന്നൈ അഡയാറിലെ രാമാലയം എന്ന കൊട്ടാരത്തിൽ ഇപ്പോൾ പതിവായി മുഴങ്ങുന്നതു സുഗതകുമാരിയുടെ രാധയെവിടെ എന്ന കവിതയാണ്. എം. ജയചന്ദ്രൻെറയും സുജാതയുടെയും ശ്വേതയുടെയും മനോഹരമായ ശബ്ദം.

ഗോപികാവർമ തിരക്കിലാണ്. കൊട്ടാരത്തിൻെറ വരാന്തയിൽ പെൺകുട്ടികൾ പാട്ടിനൊത്തു നൃത്തം ചെയ്യുന്നു. രാധയെവിടെ എന്ന കവിത നൃത്തരൂപത്തിലവതരിപ്പിക്കാൻ ഇനി ദിവസങ്ങളേ മുന്നിലുള്ളൂ. പാട്ടു മുതൽ കർട്ടൻ ഒരുങ്ങുന്നിടത്തു വരെ കണ്ണെത്തണം. അതിനിടയിലാണ് ഉണ്ണിയെന്നു വിളിക്കുന്ന മകൻ വിഷ്ണു സ്കൂളിൽ നിന്നു വിനോദയാത്ര പോവുന്നത്. ഹൈദരാബാദിലേക്കുള്ള യാത്രയുടെ ആവേശത്തിൽ വിഷ്ണു അമ്മയെ ഇടയ്ക്കിടയ്ക്കു ബാഗ് ഒരുക്കാനും മറ്റുമായി വിളിച്ചുകൊണ്ടു പോയി.

''കുടുംബം കോംപ്രമൈസ് ചെയ്തുകൊണ്ട് ഒരു കാര്യവും ഞാൻ ചെയ്യാറില്ല. വീട്ടിലുള്ളവർ സന്തോഷത്തോടെയിരിക്കുമ്പോഴേ നമുക്കു സന്തോഷമുള്ളൂ. നമുക്കു സന്തോഷമില്ലാതെ നൃത്തം ചെയ്താൽ നന്നാവില്ല.'' ഗോപികാവർമ ഉണ്ണിയെ ചേർത്തുപിടിച്ചു പറഞ്ഞു. ഒരു ഫുട്ബോൾ നെഞ്ചോടു ചേർത്തുവച്ച് ഉണ്ണി.

## കവിത നൃത്തമായതിങ്ങനെ...

ഒരു വർഷം മുമ്പു സുഗതകുമാരി ടീച്ചർ ഗോപികയോടു ചോദിച്ചു, 'കുട്ടിക്കു രാധയെവിടെ എന്ന കവിതയുടെ നൃത്താവിഷ്ക്കാരം നടത്തിക്കൂടേ?' എന്ന്. ഗോപികയ്ക്ക് അദ്ഭുതമായിരുന്നു. ടീച്ചർ



# ടി

# പിക

എന്തുകൊണ്ടു തന്നെ ഇതിനു തിരഞ്ഞെടുത്തു? കവിത വായിച്ചപ്പോൾ ഗോപികയ്ക്കു സംശയമായി. കവിതയുടെ ഭംഗി നൃത്തത്തിലും നിലനിറുത്താൻ കഴിയുമോ? ആറു മാസം ഗോപിക ആ കവിത തന്നെ വായിച്ചു. അതിനിടയിൽ രാധ ഗോപികയുടെ മനസിൽ നൃത്തം ചെയ്യാൻ തുടങ്ങി.

**റിയാലിറ്റിഷോയിൽ ജഡ്ജായ അനുഭവമെങ്ങനെയുണ്ട്?**

ഓരോ റിയാലിറ്റിഷോയുടെയും നിലവാരം അതിൻെറ ജഡ്ജസിനെ കൂടി ആശ്രയിച്ചിരിക്കുന്നു. 'തകധിമി'യിലെ ജഡ്ജസായ ഞങ്ങൾ മൂന്നുപേരും ക്ലാസിക്കൽ നൃത്തത്തെ സ്നേഹിക്കുന്നവരായിരുന്നു. അതിൻെറ ഗുണം പങ്കെടുത്തവർക്കും കിട്ടി. 25ഓളം കുട്ടികൾ ക്ലാസിക്കൽ ഡാൻസ് പഠിച്ചു. മോശമായ വസ്ത്രം ധരിക്കാനും മോശം പാട്ടുകൾ പാടാനും ഞങ്ങൾ അനുവദിക്കില്ലായിരുന്നു.

## പിന്നെ ഒരുക്കങ്ങളുടെ കാലം...

രാധയായും മീരയായും ആണ്ടാലായും കുറൂരമ്മയായുമെല്ലാം ഗോപിക രംഗത്തുവരുന്നുണ്ട്. മീരയുടെ ഭാഗത്തു കാലുകൊണ്ടു ചിത്രം വരയ്ക്കണം. തഞ്ചാവൂരിൽ കാലുകൊണ്ടു ചിത്രം വരയ് ക്കുന്നവർ ഇപ്പോഴുമുണ്ടെന്നറിഞ്ഞു. തഞ്ചാവൂരിൽ അന്വേഷിച്ചു. അവിടെ നിന്നു ചിത്രം വരയ്ക്കുന്നവരെ കൊട്ടാരത്തിലേയ്ക്കു കൊണ്ടുവന്നു ചിത്രംവര പഠിച്ചു. ഒരു കാല് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാൽ മയില് കോഴിയാവും. നാലഞ്ചു മാസത്തെ പരിശീലനം. കൈ കൊണ്ടു ചിത്രം വരയ്ക്കാൻ വശമില്ലാത്ത ഗോപിക ഇപ്പോൾ ഭംഗിയായി കാലുകൊണ്ടു ചിത്രം വരയ്ക്കും.

## സംഗീതം എം. ജയചന്ദ്രൻ

കവിത വായിക്കും വരെ ഗോപികാവർമ സുഗതകുമാരി ടീച്ചറെ കണ്ടിരുന്നത് അനീതിക്കെതിരെ പൊരുതുന്ന കരുത്തയായ സ്ത്രീ എന്ന നിലയിലായിരുന്നു. രാധയെവിടെ വായിച്ചു തീർന്നപ്പോൾ ടീച്ചറുടെ ഉള്ളിൽ നിറഞ്ഞു തുളുമ്പുന്ന ഭക്തിയും പ്രണയവുമെല്ലാം ഗോപിക തിരിച്ചറിഞ്ഞു. മനോഹരമായ വരികൾ. ആരാണ് ഈ വരികൾക്കു സംഗീതം നൽകുക? നൃത്തിനു സംഗീതം ചെയ്യുന്ന സ്ഥിരം മുഖങ്ങൾ വേണ്ടെന്ന് ആദ്യമേ തീരുമാനിച്ചു.

അപ്പോൾ ആ പാട്ടു ഗോപികയുടെ കാതിൽ മുഴങ്ങി. 'നോവിൻ പെരുമഴക്കാലം.' പ്രശസ്ത സംഗീത സംവിധായകൻ എം. ജയചന്ദ്രൻ ഈണം നൽകിയ 'പെരുമഴക്കാല'ത്തിലെ പാട്ടുകൾ. കവിത കേട്ടു കഴിഞ്ഞപ്പോൾ സംഗീതം ചെയ്യാമെന്ന് എം. ജയചന്ദ്രനും ഉറപ്പു നൽകി.

## നൃത്തത്തിനു പോവുന്നില്ല, സ്കൂൾ ഡേയുണ്ട്...

വർഷങ്ങൾക്കു മുമ്പാണ്. സിംഗപ്പൂരിൽ വോമാറ്റ് ഡാൻസ് ഫെസ്റ്റിവലിൽ മോഹിനിയാട്ടം അവതരിപ്പിക്കാൻ ക്ഷണം കിട്ടിയപ്പോൾ ഗോപികയ്ക്കു സന്തോഷം തോന്നി. ലോകം ബഹുമാനത്തോടെ കാണുന്ന ഒരു വേദിയിൽ താനും, തൻെറ മോഹിനിയാട്ടവും... അതിൻെറ ഒരുക്കങ്ങളിൽ മുഴുകുന്നതിനിടയിലാണ് ഉണ്ണി സ്കൂൾ വിട്ടു വരുന്നത്. ഉണ്ണി സ്കൂൾഡേയ്ക്കു റിക്കോർഡർ വായിക്കുന്നു. സിംഗപ്പൂരിൽ മോഹിനിയാട്ടം അവതരിപ്പിക്കേണ്ട അതേദിവസമാണ് ഉണ്ണിയുടെ സ്കൂൾ ഡേയും. മൂന്നു മിനിറ്റു മാത്രമുള്ള ഒരു ഗ്രൂപ്പ് ഇവൻറാണ് മകൻേറത്. ഗോപിക സിംഗപ്പൂരിൽ പോകാതെ മകൻെറ സ്കൂൾ ഡേ കാണാൻ തീരുമാനിച്ചു.

"ചിലപ്പോൾ ആ വേദി ഇനി കിട്ടില്ലായിരിക്കാം. സാരമില്ല. അതിലും വലുത് എനിക്ക് ഉണ്ണിയുടെ സ്കൂൾ ഡേയാണ്." ഗോപിക പറയുന്നു.

**കേരളത്തിലെ പ്രിയപ്പെട്ട നർത്തകിമാരെക്കുറിച്ച്?**

നീനാപ്രസാദും വിനീതാ നെടുങ്ങാടിയും മേതിൽ ദേവികയും നല്ല നർത്തകികളാണ്. എല്ലാവരുമായും എനിക്കു നല്ല ബന്ധമാണ്. കാരണം, ഞാനവർക്ക് എതിരാളിയല്ല. വർഷങ്ങളോളം ഞാൻ നൃത്തം ചെയ്യാതിരുന്നു. ഇനി എത്ര കാലം നൃത്തം ചെയ്യുമെന്നുറപ്പുമില്ല.



## എൻെറ ഫിനിഷിങ് സ്കൂൾ കാർത്തിക തിരുനാൾ ലക്ഷ്മീഭായ് തമ്പുരാട്ടിയാണ്

### അമ്മ നൃത്തത്തെ സ്നേഹിക്കുന്നു മകൻ ഫുട്ബോളിനെയും

ഉണ്ണി ഇടയ്ക്കിടയ്ക്കു വന്ന് അമ്മയ്ക്കു ചുറ്റും റോന്തു ചുറ്റി തിരിച്ചുപോവുന്നുണ്ട്. വരുമ്പോഴും പോവുമ്പോഴും ഉണ്ണിയുടെ കാലിൽ ആ പന്തുണ്ട്. കൊട്ടാരത്തിലെ പല വാതിലിൻെറയും കണ്ണാടിച്ചില്ലുടച്ച പന്താണ് ഉണ്ണിയുടെ കാലിൽ. ടോറസ് എന്ന ഫുട്ബോൾ താരത്തിൻെറ പേരെഴുതി വച്ച ടീഷർട്ടാണ് ഉണ്ണിയുടെ വേഷം.

"ജി. വി. രാജയുടെ കൊച്ചുമോനല്ലേ? ആ 'ജീൻ' അതേ പോലെങ്ങനെ കിട്ടിയെന്ന് ഞാൻ അദ്ഭുതപ്പെടാറുണ്ട്. അത്രയ്ക്കു കമ്പമാണു ഫുട്ബോളിനോട്. ഒരു നല്ല ടീഷർട്ടിട്ടു ഞാൻ ഉണ്ണിയെ കണ്ടിട്ടില്ല. ഫുട്ബോൾ ജഴ്സിയാണ് ഇഷ്ടവേഷം. ഏതു കാര്യത്തിലും ചിട്ടയുള്ള തമ്പുരാനും ഉണ്ണിയുടെ കാര്യം വരുമ്പോൾ ഇത്തിരി അയയും. മക്കൾക്കെന്തുമാവാമല്ലോ?" ഗോപികാവർമയുടെ ഭർത്താവ് പൂരുരുട്ടാതി തിരുനാൾ മാർത്താണ്ഡവർമ ചെന്നൈയിൽ ആസ്പിൻ വാളിൽ ഉദ്യോഗസ്ഥനാണ്.

### നൃത്തവും വീടുമല്ലാതെ മറ്റു പ്രവർത്തനങ്ങളെന്തെങ്കിലും?

സ്വയംപ്രഭ എന്ന എൻജിഒയുടെ മാനേജിങ് ട്രസ്റ്റിയാണ്. സംസാരിക്കാൻ കഴിയാത്ത കുട്ടികൾ സാരി പ്രിൻറ് ചെയ്യുന്നു. 'വിന്യാസ്' എന്ന പേരിൽ ആ സാരികൾ വിൽക്കുന്നു. ഓരോ കുട്ടിക്കും ദിവസം 150 രൂപ വരെ കിട്ടും. വളരെ സന്തോഷം നൽകുന്ന അനുഭവമാണതും.

മഹാരാജാവ് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമയുടെ ഭാര്യ രാധാദേവി ഗോപികയുടെ അമ്മായിയാണ്. ആ ബന്ധത്തിൽ കൊട്ടാരത്തിൽ ഇടയ്ക്കു പോവുമായിരുന്നു. തമ്പുരാനെ പരിചയവുമുണ്ടായിരുന്നു. ഒരു പാർട്ടിയിൽ വച്ച് ഭാവി പരിപാടികൾ എന്തൊക്കെയാണെന്നു തമ്പുരാൻ ചോദിച്ചു. "കലാക്ഷേത്രയിൽ പഠിക്കണമെന്നുണ്ട്. അച്ഛൻ സമ്മതിക്കുന്നില്ല. അതുകൊണ്ടിനി കല്യാണം കഴിക്കുക." ഗോപിക പറഞ്ഞു. 'പ്രത്യേകിച്ചു താൽപ്പര്യങ്ങളെന്തെങ്കിലും...' തമ്പുരാൻ ചോദിച്ചു. 'എല്ലാം അച്ഛൻ തീരുമാനിക്കും.' ഗോപിക പറഞ്ഞു. പിന്നെ ഗോപിക അറിയുന്നതു കല്യാണമുറപ്പിച്ച ശേഷമാണ്.

അച്ഛനും അമ്മയും അനിയത്തിയുമുള്ള ഒരു ചെറിയ കുടുംബത്തിൽ നിന്നാണു ഗോപിക കൊട്ടാരത്തിലെത്തുന്നത്. ഒരുപാട് അംഗങ്ങൾ. രാഷ്ട്രപതിയും മറ്റും അതിഥിയായെത്തുന്നു. "എൻെറ ഫിനിഷിങ് സ്കൂൾ കാർത്തിക തിരുനാൾ ലക്ഷ്മീഭായ് തമ്പുരാട്ടി മഹാറാണിയാണ്. ചെറിയ കാര്യങ്ങൾ വരെ പറഞ്ഞുതന്ന് എന്നെ കൊട്ടാരത്തിൻെറ മരുമകളാക്കി മാറ്റിയതു മഹാറാണിയാണ്." ഗോപിക ഓർക്കുന്നു.

### രാജകീയമായ ചില അബദ്ധങ്ങൾ...

കൊട്ടാരത്തിൻെറ രീതികൾ വേറെ. ഭാഷ വേറെ. ഇതൊന്നുമറിയാതെ വളർന്ന ഒരു പെൺകുട്ടി കൊട്ടാരത്തിലെത്തുമ്പോൾ അവിടെ കുറേ അബദ്ധങ്ങളും കാത്തിരിപ്പുണ്ട്. ചില രാജകീയ അബദ്ധങ്ങൾ...

ഒരു ദിവസം രാവിലെ തമ്പുരാനെ കാണാനില്ല. ഞാൻ അമ്മയോടു ചോദിച്ചു. അമ്മ പറഞ്ഞു, 'അയാൾ നീർക്കാപ്പുരയിലുണ്ടാവും.' നീർക്കാപ്പുര എന്ന വാക്കു ഞാനതു വരെ കേട്ടിട്ടില്ല. നീർക്കാപ്പുര എന്നു കേട്ടപ്പോൾ ഞാൻ ഊഹിച്ചു അതു നിധിയിരിക്കുന്ന സ്ഥലമാവുമെന്ന്. തമ്പുരാനിറങ്ങി വന്ന മുറിയിലേക്കു ഞാൻ ആകാംക്ഷയോടെ നോക്കി. അതു നിധിയിരിക്കുന്ന മുറിയായിരുന്നില്ല. ബാത്റൂമായിരുന്നു.

### ഇനി മോഹിനിയാട്ടത്തിനു വേണ്ടി...

കൊട്ടാരത്തിൽ മരുമകളായെത്തിയപ്പോൾ ഗോപികാവർമയ്ക്കു തോന്നി മോഹിനിയാട്ടത്തിനു വേണ്ടി എന്തെങ്കിലും ചെയ്യുക എന്നതാണു തൻെറ കടമയെന്ന്. മോഹിനിയാട്ടത്തിനു പുതുജീവൻ നൽകിയ സ്വാതിതിരുനാളിനോടുള്ള ആദരവായി മാറും അതെന്ന്.

ഗോപികയുടെ ശ്രമത്തിനു ഫലമുണ്ടായി. ഗോപിക ചെന്നൈയിലെത്തുമ്പോൾ കേരളത്തിൻെറ നൃത്തരൂപമെന്നാൽ കഥകളിയാണ്. ഗോപികയോടു പലരും ചോദിച്ചിട്ടുണ്ട്, കിരീടം വയ്ക്കുന്നില്ലേയെന്ന്. ഇപ്പോൾ എല്ലാ സഭകളിലും മോഹിനിയാട്ടം പതിവായി അരങ്ങേറുന്നു. 'രാധയെവിടെ'യിലൂടെ മോഹിനിയാട്ടം വേറൊരു തലത്തിലേക്കുയർത്താനാണു ഗോപികയുടെ ശ്രമം.

### ഒടുവിൽ പാചകവും പഠിച്ചു

മൂന്നു വർഷം മുമ്പ് വരെ പാചകമേ യറിയില്ലായിരുന്നു ഗോപികയ്ക്ക്. പാചകം എല്ലാവർക്കും വഴങ്ങാത്ത ഒരു കലയാണെന്നു കരുതി നന്നായി പാചകം ചെയ്യുന്ന എല്ലാവരെയും ബഹുമാനിച്ചു. അപ്പോഴാണു സ്ഥിരം ജോലിക്കാരിയുടെ രാജിതീരുമാനം വരുന്നത്.

"തമ്പുരാനിഷ്ടമുള്ള കൊട്ടാരത്തിലെ കറികൾ വയ്ക്കാൻ തമിഴ്നാട്ടിൽ നിന്നു കിട്ടിയ ജോലിക്കാരികൾക്കാവുന്നില്ല. കേരളത്തിലാണെങ്കിൽ നല്ല ജോലിക്കാരെ കിട്ടാനുമില്ല.ഒരു ദിവസം രണ്ടും കൽപ്പിച്ചു ഞാൻ അടുക്കളയിൽ കയറി. "ഇപ്പോൾ തമ്പുരാനും ഉണ്ണിയും പറയുന്നു ഗോപികയൊരു നല്ല കുക്കാണെന്ന്. പറ്റില്ലെന്നു വിചാരിച്ച് ഇതുവരെ മാറി നിന്ന മറ്റൊരു കാര്യം കൂടി പഠിക്കാൻ പോവുകയാണ് ഗോപിക ഇനി. കാറോടിക്കാൻ.

ഉണ്ണി, ഗോപികാവർമ, പൂരുരുട്ടാതി തിരുനാൾ മാർത്താണ്ഡവർമ



രഞ്ജിത് നായർ
ഫോട്ടോ മാർട്ടിൻ പ്രക്കാട്ട്

# സൂക്ഷിക്കുക, ...

**അശ്ലീല വീഡിയോ ക്ലിപ്പിങ് നിർമിച്ച് ബ്ലാക്ക്മെയ്ൽ ചെയ്യുകയും വിൽക്കുകയും ചെയ്യുന്ന സംഘങ്ങൾ കേരളത്തിൽ...**

"കണ്ണാ നിനക്കെന്തു പറ്റിയെടാ...
(ഉത്തരമില്ല..)
എന്താടാ ഇത്...
(നിശബ്ദം)
നീ ഇതാരെയെങ്കിലും കാണിക്കുമോടാ...
ഇനി അങ്ങനെ ചോദിക്കുമോ?
ഇല്ല....
ചോദിക്കുമോന്ന്...."

നിങ്ങൾ ഇപ്പോൾ കേട്ടത് ഒരു ചതിയുടെ ശബ്ദരേഖയാണ്. കേരളത്തിൽ പ്രചരിച്ച ലക്ഷക്കണക്കിനു മൊബൈൽ അശ്ലീല വീഡിയോ ക്ലിപ്പിങ്ങുകളിൽ ഒരെണ്ണം. തികച്ചും സ്വകാര്യമാണെന്ന ധാരണയിൽ ചിത്രീകരിക്കുകയും പിന്നീട് അതു വച്ചു ബ്ലാക്ക്മെയ്ൽ ചെയ്ത് ആവശ്യങ്ങളെല്ലാം നിറവേറ്റി ഒടുവിൽ പരസ്യപ്പെടുത്തിയ 'സിനിമ'കളിൽ ഒന്ന്.

ഒരുപക്ഷേ, നിങ്ങൾ പോലുമറിയാതെ നിങ്ങളുടെ മുഖം മറ്റേതോ ശരീരത്തോടു ചേർത്തു ചൂടാറാതെ പ്രചരിക്കുന്നുണ്ടാവാം. താഴെ വീഴുന്ന പേന



# മൊബൈൽ ക്യാമറ

എടുക്കാൻ കുനിയുമ്പോൾ, തിരക്കുള്ള ബസിൽ സാരി സ്ഥാനം തെറ്റുമ്പോൾ, ഹോട്ടൽ ബാത്ത്റൂമുകളിലെ ജനാലകൾക്കുള്ളിലൂടെ, ട്രെയിൻ ബർത്തുകളിലെ ഉറക്കത്തിനിടയിൽ ഒരു ജാരനെപ്പോലെ വേണ്ടതെല്ലാം ഒപ്പിയെടുക്കുന്ന ക്യാമറാക്കണ്ണുകൾ എവിടെയും ഉണ്ട്.

ഇനി അടുത്തിടെ നമ്മൾ വായിച്ചു മറന്ന ചില പത്രവാർത്തകളിലേക്ക്:

06 - 02 - 2009

ആലപ്പുഴ: അമ്പലപ്പുഴ ഗവ. മോഡൽ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ മൂന്നു വിദ്യാർഥിനികളെ പീഡനത്തിന് ഇരയാക്കിയതിനു പുറമേ ദൃശ്യങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തുകയും ചെയ്തെന്നു വ്യക്തമായി. ഇതു കാണിച്ചും പിന്നീടു പീഡിപ്പിക്കാൻ ശ്രമിച്ചതിനെ പെൺകുട്ടികൾ ചോദ്യം ചെയ്തപ്പോൾ ചിത്രങ്ങൾ ഇൻറർനെറ്റു വഴിയും ബ്ലൂടൂത്തു വഴിയും പ്രചരിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തിയതായും അന്വേഷണ സംഘം വെളിപ്പെടുത്തി. ( മൂന്നു പെൺകുട്ടികളും ആത്മഹത്യ ചെയ്തു.)

19 - 09 - 2008

അരൂർ: വ്യവസായിയും യുവതിയുമൊത്തുള്ള അശ്ലീല ചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി, ഈ ചിത്രങ്ങൾ കാണിച്ചു പലപ്പോഴായി ആറു ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ രണ്ടു പേർ പിടിയിൽ. (വ്യവസായി ആത്മഹത്യ ചെയ്തു.)

07 - 03 - 2009

ചെങ്ങന്നൂർ: ട്രെയിനിൽ സഹയാത്രക്കാരി വസ്ത്രം മാറുന്നത് മൊബൈൽ ക്യാമറയിൽ പകർത്താൻ ശ്രമിച്ച പ്ലസ്ടു വിദ്യാർഥിയെ റയിൽവേ കോടതി താക്കീതു നൽകി വിട്ടയച്ചു. മുകളിലെ ബർത്തിൽ ഒളിച്ചു കിടന്നാണു ചിത്രം പകർത്താൻ ശ്രമിച്ചത്. (തക്ക സമയത്തു യുവതിയുടെ സഹോദരൻ സംഭവം കണ്ടു പ്ലസ്ടുകാരനെ കൈയോടെ പിടികൂടി.)

09 - 08 - 2008

തിരുവനന്തപുരം: അധ്യാപികമാരും വിദ്യാർഥിനികളും ഉൾപ്പെടെ നൂറ്റമ്പതോളം പേരുടെ ചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി മോർഫ് ചെയ്ത നഗരത്തിലെ ഹയർ സെക്കൻററി സ്ക്കൂൾ പ്യൂൺ അറസ്റ്റിൽ. അധ്യാപികയുടെ അനുവാദമില്ലാതെ അവരുടെ മൊബൈലിലേക്കു നീലചിത്രങ്ങൾ കയറ്റിയതു കണ്ടുപിടിക്കപ്പെട്ടതിനെ തുടർന്നാണ് ഈ സംഭവം പുറത്തായത്. (അധ്യാപികയ്ക്കു ചങ്കുറപ്പുള്ളതു കൊണ്ട് 150 ഓളം പേർ രക്ഷപെട്ടു.)

അറിഞ്ഞും അറിയാതെയും മൊബൈൽ ക്യാമറ വഴിയുള്ള ഈ 'ഷൂട്ടിങ്ങുകളെക്കുറിച്ച് ' വനിത നടത്തിയ അന്വേഷണത്തിൽ സുഖകരമല്ലാത്ത സത്യങ്ങളാണു തെളിഞ്ഞു വന്നത്. തുറന്നിരിക്കുന്ന ക്യാമറയുണ്ടെന്ന് അറിയാതെ പോയവർ, പ്രണയത്തിൻെറ പിന്നിലെ 'നീല നിറ'ത്തെക്കുറിച്ചു തിരിച്ചറിയാതെ വലയിൽ വീണവർ, നാടുമുഴുവൻ നിമിഷനേരം കൊണ്ടു പ്രചരിക്കും എന്നറിയുന്ന നേരത്തു കീഴടങ്ങിക്കൊടുത്തവർ, ഇത്തരം വീഡിയോകൾ വഴി ലക്ഷങ്ങൾ കൊയ്യുന്നവർ... 'വനിത' കണ്ട ഞെട്ടിക്കുന്ന കാഴ്ചകളിലേക്ക്...

## ബ്ലാക്ക്മെയ്ലിങ് റാക്കറ്റ്

സെക്സ് റാക്കറ്റിൻെറ കൈകളിലെ ഏറ്റവും മൂർച്ചയുള്ള ആയുധമാണ് ഇന്ന് മൊബൈൽ ഫോൺ ക്യാമറ. അറിഞ്ഞോ അറിയാതെയോ ചിത്രീകരിച്ച ഇത്തരം ക്ലിപ്പിങ്ങുകൾ വച്ചു വലയെറിയുന്ന സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു.

ആലപ്പുഴയിൽ പീഡനത്തിനിരയായ സിനിമാ-സീരിയൽ രംഗത്തെ ജൂനിയർ നടി പോലീസിനു നൽകിയ മൊഴി മൊബൈൽ ബ്ലാക്ക്മെയ്ലിങ് റാക്കറ്റിലേക്കുള്ള ചൂണ്ടു പലകയാണ്: "പ്രതികൾ പല ഭാഗത്തു നിന്നുമുള്ള പെൺകുട്ടികളെ വലയിലാക്കുകയും തന്ത്രപൂർവം മൊബൈൽ വഴി ചിത്രീകരിച്ച രംഗങ്ങൾ കാണിച്ചു ഭീഷണിപ്പെടുത്തുകയുമാണ് ഉണ്ടായത്. പോലീസിൽ അറിയിച്ചാൽ ഈ രംഗങ്ങൾ ഇൻറർനെറ്റ് വഴി പ്രചരിപ്പിക്കുമെന്നു പറഞ്ഞായിരുന്നു ഭീഷണി."

ഇത്തരം പല കേസുകളും പൂഴ്ത്തി വയ്ക്കപ്പെടുകയോ ഒത്തു തീർപ്പായിത്തീരുകയോ ചെയ്യുന്നു.

## ചതിയുടെ ഭൂപടങ്ങൾ

പൊതുനിരത്തിൽ വച്ചോ യാത്രയ്ക്കിടയിലോ അടുത്തിരിക്കുന്നവർ അറിയുക പോലും ചെയ്യാതെ മൊബൈൽ ഫോണുകളിൽ നിന്നു വീഡിയോ റെക്കോർഡ് ചെയ്യാനും ഫോട്ടോ എടുക്കാനും കഴിയും. സൂം ചെയ്യാവുന്ന, ചിത്രങ്ങൾക്കു കൂടുതൽ വ്യക്തത കിട്ടുന്ന രീതിയിൽ ക്യാമറയുള്ള മൊബൈലുകൾ വിപണിയിലുണ്ട്.

തന്ത്രങ്ങൾ പലതാണ്. കുറച്ചു മാസങ്ങൾക്കു മുൻപു ചൂടപ്പം പോലെ പ്രചരിച്ച ഒരെണ്ണം 'ടീച്ചർ' എന്ന പേരിലിറങ്ങിയതായിരുന്നു. സ്കൂൾ ലൊക്കേഷനിൽ ചിത്രീകരിച്ച വീഡിയോയിലെ കഥാപാത്രം അധ്യാപികയാണ്. ലെൻസിൻെറ വട്ടത്തിലുള്ള ദ്വാരം ഉണ്ടാക്കി, പേപ്പറിനു പിന്നിൽ മൊബൈൽ ഒളിപ്പിച്ചു വച്ച് ഒരു വിദ്യാർഥിയായിരുന്നു 'അച്ചടക്കത്തോടെ' ഇതു ചെയ്തത്.

ഇത്തരം 'പരിശ്രമശാലികൾക്കു' മൊബൈൽ വിപണിയിൽ പുതുപുത്തൻ സാങ്കേതിക വിദ്യയും തുണയുണ്ട്. എല്ലാ ദിശയിലേക്കും തിരിഞ്ഞ് ചിത്രങ്ങൾ ഒപ്പിയെടുക്കാവുന്ന ക്യാമറയും ഫോണിൽ നിന്നു നേരിട്ടു ബന്ധമില്ലാതെ അൽപദൂരം മാറ്റി വച്ചാൽ പോലും വീഡിയോ റിക്കോർഡ് ചെയ്യാൻ കഴിയുന്ന ക്യാമറയും വിപണിയിൽ സുലഭം.

## സൂക്ഷിക്കുക എവിടെയും ഇവരുണ്ട്...

പതിവു 'പ്രണയസ്ഥല'ങ്ങളിലും ഇൻറർനെറ്റ് കഫെകളിലും

## ശ്രദ്ധിക്കൂ: സ്വയം രക്ഷിക്കൂ

- 'പ്രണയം വഴി' തെറ്റിയാണ് ഇത്തരം വീഡിയോകളിൽ പകുതിയിലേറെയും ജനിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ അപകടങ്ങളിൽ ചാടില്ലെന്ന പ്രതിജ്ഞയാണ് ആദ്യം വേണ്ടത്.
- ശബ്ദമോ വീഡിയോയോ റെക്കോർഡ് ചെയ്യപ്പെട്ടു എന്ന തിരിച്ചറിയുന്ന ഉടൻ രക്ഷിതാക്കളേയോ പോലീസിനെയോ അറിയിക്കണം. നിങ്ങൾ തെറ്റു ചെയ്താലും അതു രക്ഷിതാക്കൾക്കു മുന്നിൽ അവതരിപ്പിക്കാൻ ധൈര്യം കാണിക്കുക. അല്ലെങ്കിൽ വലിയ തെറ്റുകളിലേക്കാവും നിങ്ങളുടെ യാത്ര.
- അതിരുകൾ ലംഘിക്കുന്ന സ്വകാര്യ നിമിഷങ്ങൾ ഒരിക്കലും മൊബൈൽ ക്യാമറയിൽ പകർത്തരുത്. ഡിലീറ്റ് ചെയ്തു കളഞ്ഞാലും ഒരു മൊബൈൽഫോൺ മെക്കാനിക്കിന് വളരെ എളുപ്പത്തിൽ ഡിലീറ്റ് ഫയലുകൾ റിട്രീവ് ചെയ്യാം (തിരിച്ചെടുക്കാം)
- മെമ്മറി കാർഡ് ഊരിയെടുത്ത ശേഷം മാത്രം മൊബൈൽ.ഫോൺ റിപ്പയറിങ്ങിനു നൽകുക.

ഉണ്ടായേക്കാവുന്ന ചൂടൻ രംഗങ്ങൾ മുൻകൂട്ടി കണ്ടു ഷൂട്ട് ചെയ്യാൻ തയാറാവുന്ന സംഘങ്ങളും ഉണ്ട്. നഗരങ്ങളിലെ പാർക്കുകളിൽ ചില പ്രത്യേക മൂലകൾ ആണ് ഇവരുടെ നോട്ടത്തിനു കീഴിൽ വരുന്നത്. പ്രണയം വഴിവിട്ടു പരിസരം മറക്കുന്ന സാഹചര്യങ്ങളിൽ ആരും കാണാതെ മാറിനിന്നു 'പ്രണയലീലകൾ' പകർത്തും. ഇതേറ്റവും കൂടുതൽ ഇൻറർനെറ്റ് കഫേകളിലാണ് അരങ്ങേറുന്നത്. കഫേകളിലെ ക്യാമറകൾ വഴിയും ക്യുബിക്കിളിലെ ചില പ്രത്യേക ദ്വാരങ്ങൾ വഴിയും ഷൂട്ടിങ് ക്യാമറകൾ കണ്ണു തുറക്കും.

ഇതുവച്ചു വിലപേശൽ നടത്തി വലിയ തെറ്റുകളിലേക്കെത്തുന്നവരും കുറവല്ല. പ്രണയത്തിനു കണ്ണില്ലാതാവുന്നതോടെയാണ് ഇത്തരത്തിലുള്ള 'സിനിമകളിൽ' 90 ശതമാനവും ഉണ്ടാവുന്നത്. ഇത്തരം വീഡിയോകൾ എന്തിനു പ്രചരിപ്പിക്കുന്നു എന്നതിൻെറ ഉത്തരം തേടിയപ്പോൾ ഇതിലൂടെ ലഭിക്കുന്ന സാമ്പത്തിക വരുമാനത്തിൻെറ ഞെട്ടിക്കുന്ന വിവരങ്ങളാണു ലഭിച്ചത്.

## നീലവിപണിയിലെ കൊച്ചുമുതലാളിമാർ

സാമ്പത്തിക മാന്ദ്യം ഒട്ടും തട്ടാത്ത വ്യവസായ മേഖലയാണ് മൊബൈൽ അശ്ലീല രംഗം. മിക്ക അശ്ലീല വീഡിയോകളും വൻ സാമ്പത്തിക ലാഭം കൊയ്യുന്നവയാണ്. ഇത്തരം വീഡിയോകളുടെ കൈമാറ്റ വിപണിയുടെ ആഴം അദ്ഭുതപ്പെടുത്തുന്നതു തന്നെയാണ്.

'മല്ലു' എന്ന വാക്കിന് ഇൻറർനെറ്റിൽ നല്ല വിലയാണ്. 'മല്ലു സ്കാൻഡൽ വീഡിയോസ്' എന്നു കൂടി ചേരുമ്പോൾ വില ഇരട്ടിയാവും. വിദേശ നടീനടന്മാരേക്കാളും ഇന്ന് ഈ സ്വദേശികൾക്കാണു മാർക്കറ്റ്. നാട്ടുകാരിയാണെന്നതും അറിയാതെ ചിത്രീകരിച്ചതാണെന്നതും ഉള്ള വിവരങ്ങൾ ഇത്തരം ക്ലിപ്പിങ്ങുകളുടെ മാർക്കറ്റു കൂട്ടും. മലയാളി മുഖത്തിനും ശരീരത്തിനുമുള്ള 'വില' അറിഞ്ഞു തന്നെയാണ് റാക്കറ്റിൻെറ പ്രവർത്തനം. 'ഹോൾസെയ്ൽ' ആയും 'റീട്ടെയിലായും' ഉള്ള വിൽപന കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. ഇൻറർനെറ്റു വഴിയുള്ള 'ഹോൾസെയ്ൽ' വിൽപനയ്ക്കു ഡോളറിൽ ആണു ശമ്പളം.

ഇൻറർനെറ്റിൽ ബ്ലോഗ് രൂപീകരിച്ചാണ് ഈ വ്യവസായം തുടങ്ങുന്നത്. ഇങ്ങനെ രൂപീകരിച്ച ബ്ലോഗുകളിൽ വീഡിയോയിലെ മർമപ്രധാന രംഗങ്ങളുടെ ഫോട്ടോകൾ മാത്രം നൽകും.

**സാമ്പത്തിക മാന്ദ്യം ഒട്ടും തട്ടാത്ത ഒരു വ്യവസായ മേഖലയാണ് മൊബൈൽ-ഇൻറർനെറ്റ് അശ്ലീല രംഗം.**

കൂടുതൽ വിശദമായി കാണണമെങ്കിൽ മറ്റു ചില സൈറ്റുകളുടെ 'ലിങ്കുകളും' ഉണ്ടാവും.

ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതോടെ എത്തുന്ന മുഖ്യ സൈറ്റിലാണ് വീഡിയോയുടെ മുഴുവൻ രൂപം ഉണ്ടാവുക. ഈ സൈറ്റിലേക്ക് വീഡിയോ അപ്‌ലോഡു ചെയ്യുന്നതിനൊപ്പം പണം എവിടെ, എങ്ങിനെ എത്തണം എന്ന വിവരവും നൽകണം. എന്നാൽ, ഈ പേഴ്സണൽ വിവരങ്ങൾ ഒരിക്കലും സൈറ്റിൽ എത്തുന്നവർക്കു കാണാനാവില്ലെന്ന സൗകര്യവുമുണ്ട്.

ഇത്തരം സൈറ്റുകളിലെ 'വ്യവസായ പ്രമുഖനായ' ഒരു ദിവ്യൻെറ വിവരങ്ങൾ അറിയാൻ പ്രൊഫൈൽ തപ്പിയപ്പോൾ സാൻഫ്രാസ്സിസ്കോയിൽ നിന്നു രജിസ്റ്റർ ചെയ്തു എന്നു മാത്രം കാണാം. നൽകിയിരിക്കുന്നതു മലയാളിപ്പേരും. ഈ ദിവ്യൻെറ സൈറ്റ് ഒറ്റ ദിവസം കൊണ്ടു സന്ദർശിച്ചത് ഒന്നര ലക്ഷത്തിലധികം പേർ.

വീഡിയോകൾ ഡൗൺലോഡ് ചെയ്തു കാണുന്നതിനനുസരിച്ചാണു പണം ലഭിക്കുക. നല്ല താരിഫുകളും സ്പെഷ്യൽ ഓഫറുകളും നൽകുന്ന സൈറ്റുകൾ ഉണ്ട്. വീഡിയോയുടെ ദൈർഘ്യത്തിനും കാണുന്നവരുടെ എണ്ണത്തിനുമനുസരിച്ചാണ് പണം. ഒരു സൈറ്റിൽ നിന്നു ലഭിച്ച താരിഫ് ഇങ്ങനെ:

1 എംബി മുതൽ 4എംബി വരെ- 2 ഡോളർ
5എംബി മുതൽ 9എംബി വരെ- 3 ഡോളർ
10എംബി മുതൽ 49എംബി വരെ- 5 ഡോളർ
50എംബി മുതൽ 99എംബി വരെ- 6ഡോളർ
100എംബി മുതൽ 249എംബി വരെ- 8 ഡോളർ
250എംബി മുതൽ 2000 എംബി വരെ- 10ഡോളർ

ഓരോ ആയിരം പേർ കാണുമ്പോഴും ഇത്രയും തുക വീഡിയോ അപ്‌ലോഡ് ചെയ്ത (വീഡിയോ സൈറ്റിൽ ഇട്ട) വ്യക്തിയുടെ അക്കൗണ്ടിലേക്കു വീഴും. ഹോട്ട് ഓഫറുകളും ഉണ്ട്. ഒരു മാസം നിശ്ചിത ഡോളർ ലഭിക്കുന്നവർക്ക് ബോണസ് ഉൾപടെയുള്ള സമ്മാന പദ്ധതികളും ഉണ്ട്.

## പെൺകുട്ടികൾ ചെയ്യേണ്ടത്

- പൊതു നിരത്തിൽ വച്ചോ, ട്രെയിൻ യാത്രയ്ക്കിടയിലോ നിങ്ങളുടെ ചിത്രം മറ്റാരെങ്കിലും എടുക്കാൻ ശ്രമിച്ചു എന്നു തോന്നിയാൽ പൊലീസിനെ വിവരം അറിയിക്കുകയാണ് ആദ്യം ചെയ്യേണ്ടത്.
- ഫോട്ടോ എടുത്ത വ്യക്തിയെ മുൻപരിചയമില്ലെങ്കിൽ കുറച്ചു കൂടി ജാഗ്രതയോടെ പ്രവർത്തിക്കണം. ഫോട്ടേ എടുത്ത ഉടൻ പ്രതികരിക്കുക. സഹയാത്രക്കാരെ കാര്യം ബോധ്യപ്പെടുത്തി ഫോട്ടോ എടുത്ത വ്യക്തിയുടെ മൊബൈൽ ഫോൺ പിടിച്ചെടുത്ത് പൊലീസിൽ ഏൽപിക്കുക. ഇതാണു തെളിവ്.
- ഒരാൾ ചിത്രമെടുത്തു. ഇനി എന്തു ചെയ്യും എന്ന് ആലോചിച്ച് ഇരിക്കരുത്. എന്തെങ്കിലും വരട്ടെ എന്നു സമാധാനിക്കുകയും അരുത്. വലിയൊരു ആപത്തിലേക്കുള്ള തുടക്കമാണിതെന്ന് ഓർമിക്കുക.



- മൊബൈൽ ഫോണിലെ ചിത്രം നിങ്ങൾ തന്നെ ഡിലീറ്റ് ചെയ്ത് ഫോൺ തിരികെ കൊടുത്ത് കോംപ്രമൈസ് ചെയ്യാൻ ഒരുങ്ങരുത്.
- ഡിലീറ്റു ചെയ്ത കാര്യങ്ങൾ വളരെ എളുപ്പത്തിൽ റിട്രീവ് ചെയ്യാൻ( തിരിച്ചെടുക്കാൻ) സാധിക്കും. ഇത്തരം റിട്രീവ് സോഫ്റ്റുവെയറുകൾ ഇൻറർനെറ്റിൽ നിന്ന് വളരെ എളുപ്പത്തിൽ ഡൗൺലോഡ് ചെയ്യാൻ സാധിക്കും.
- പ്രതി തന്നെ ഡിലീറ്റു ചെയ്തു കളഞ്ഞാലും ഫോൺ പൊലീസിനെ ഏൽപിക്കണം. പൊലീസ് അത് റിട്രീവ് ചെയ്തെടുത്തു തെളിവാക്കും.
- ഐടി ആക്ട് 67 പ്രകാരം അഞ്ചു വർഷം തടവും രണ്ടു ലക്ഷം രൂപ പിഴയുമാണു ശിക്ഷ. ആവർത്തിച്ചാൽ പത്തു വർഷം വരെ തടവു ലഭിക്കും.
- മോർഫിങ്ങിലൂടെ നിങ്ങളുടെ ചിത്രം പ്രചരിപ്പിക്കും എന്ന ഭീഷണിക്കു മുന്നിലും വഴങ്ങിക്കൊടുക്കേണ്ട ആവശ്യമില്ല. ഇതും ഐടി ആക്ട് 67നു കീഴിൽ വരുന്നതാണ്. ഇതിനു പുറമേ ഭീഷണിപ്പെടുത്തി എന്ന കുറ്റമുൾപ്പടെ ഐപിസി ആക്ട് പ്രകാരം മറ്റു ശിക്ഷകളും ലഭിക്കും.
- ഇത്തരം ചതിക്കുഴികളിൽ വീണു പോവുന്നതിലൂടെ ഒരു കുടുംബം തന്നെ ഒറ്റപ്പെട്ടു പോവുന്ന സ്ഥിതിയാണുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ ബന്ധുക്കളും സുഹൃത്തുക്കളും മാനസികമായ പിന്തുണ നൽകുക.

## ഞങ്ങൾ എന്തു ചെയ്യാനാ?

ഞങ്ങൾക്ക് എന്തു ചെയ്യാനാവും? തലസ്ഥാനത്തെ ഒരു പൊലീസ് ഉദ്യോഗസ്ഥൻെറ ഈ ചോദ്യത്തിനു പിന്നാലെ ചോദ്യങ്ങളുടെ ഒരു നീണ്ട നിര പിന്നെയും വന്നു.

''അതിർത്തി കടന്നു വരുന്ന സൈറ്റുകൾ ആവശ്യവും അനാവശ്യവും അപകടവും മനസിലാക്കി നിരോധിക്കാനാവുമോ? മൊബൈൽ ക്യാമറകൾക്കു ലൈസൻസ് ഏർപ്പെടുത്താനാവുമോ? സൂക്ഷ്മമായി ചിത്രീകരിക്കാവുന്ന ഇത്തരം ക്യാമറകളുള്ള മൊബൈലുകൾ എന്തിനാണ് പ്ലസ്ടുകാരനു വാങ്ങിക്കൊടുക്കുന്നത്? നിരോധനമുള്ള ക്യാംപസിലും സ്കൂളുകളിലും മൊബൈൽ ഫോൺ എങ്ങിനെയാണു യഥേഷ്ടം കറങ്ങി നടക്കുന്നത്? കണക്ഷൻ കൂട്ടാനുള്ള കിടമത്സരത്തിൽ മൊബൈൽ കമ്പനികൾ എത്ര വേഗമാണു കണക്ഷൻ നൽകുന്നത്. നിങ്ങൾ നൽകിയ പ്രൂഫിൽ എത്ര കണക്ഷനുണ്ടാവും എന്ന് നിങ്ങൾക്ക് അറിയാമോ?....''

പേരുവെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഉദ്യോഗസ്ഥൻെറ ഈ ചോദ്യക്കൂട്ടത്തിനു പിന്നാംപുറത്തു വലിയൊരു അപകടത്തിൻെറ കൊടുങ്കാറ്റുണ്ട്.

നിയമം കൊണ്ടു തടയാനാവുന്നതിനും അപ്പുറത്താണ് ഇത്തരം കാര്യങ്ങൾ. നിയന്ത്രണം ആണ് ആവശ്യം. സ്കൂളുകളിൽ മൊബൈൽ ഫോണിൻെറ ഉപയോഗം കർശനമായി നിരോധിക്കണം. വിലപിടിപ്പുള്ള മൊബൈൽ ഫോൺ കുട്ടികൾക്കു വാങ്ങിക്കൊടുക്കരുത്.

തൃശൂരിലെ ഒരു കോളജിൻെറ പേരുള്ള വീഡിയോ കഴിഞ്ഞ മാസം 14ാം തീയതി രാവിലെ 6.44 നാണ് അപ്‌ലോഡ് ചെയ്തത്. ഈ വീഡിയോ അന്ന് ഉച്ചയ്ക്ക് 1.10 ആയപ്പോഴേക്കും സന്ദർശിച്ചവരുടെ എണ്ണം 17, 865. ഏഴുമണിക്കൂർ കൊണ്ട് ഇത്രയും പേർ കണ്ടിട്ടുണ്ടെങ്കിൽ ഇത് അപ്‌ലോഡ് ചെയ്ത 'പ്രൊഡ്യൂസർ' എത്ര രൂപ ലാഭമുണ്ടാക്കും? ഒരേ വീഡിയോ പല സൈറ്റുകളിലിട്ടു കാശു വാരുന്നവരും ഏറെയാണ്.

ഒരു കലാകാരൻെറ സിനിമയുടെ പേര് ട്രാവൽ എന്നാണ്. ഏതോ 'ഞരമ്പുമനസുകൾ' ചിത്രീകരിച്ച വീഡിയോയാണിത്. ഒരു യാത്രയ്ക്കിടയിൽ കണ്ട നിരവധി സ്ത്രീകളുടെ മുഖവും അറിയാതെ വസ്ത്രം മാറിപ്പോയ ശരീര ഭാഗങ്ങളും കാണിക്കുന്നു. അശ്ലീലത്തിൻെറ ഡോസു കുറഞ്ഞ ഈ വീഡിയോ പോലും ഹിറ്റ്.

കുഞ്ഞു1234, കുട്ടപ്പായി, ബാംഗ്ലൂർ പ്ലേബോയ് ഇവരൊക്കെയാണ് ഇത്തരം സൈറ്റുകളിലെ ഹീറോ കളിക്കാർ. മൂന്നു ലക്ഷത്തിലധികം പേരാണു ബാംഗ്ലൂർ പ്ലേബോയുടെ സൈറ്റ് സന്ദർശിച്ചത്. സീരിയൽ താരങ്ങളുടെ പേരുകൾ, മലയാളിപ്പേരുകൾ, ക്യാംപസിൻെറ പേരുകൾ... ഹിറ്റുകൾ ഉണ്ടാവുകയാണ്.

### ചില്ലറ വിൽപനക്കാർ

ഇനി നമ്മുടെ 'റീട്ടെയ്ൽ കളിക്കാരെ' പരിചയപ്പെടാം. നാട്ടിൽ കൂണു പോലെ മുളച്ചു പൊന്തി, വളർന്നു പന്തലിച്ചിരിക്കുന്ന പല മൊബൈൽ ആക്സസറീസ് ഷോപ്പുകളിലും ഈ കച്ചവടം തകർത്തു വാരുന്നു. ഒരു കംപ്യൂട്ടറിൽ നിറയെ 'നീലയും' കുറച്ചു പാട്ടുകളും പിന്നെ കുറച്ചു സെക്കൻെറ് ഹാൻെറ് മൊബൈൽ ഫോണുകളുമായായിരിക്കും ഇവർ ഇരിക്കുന്നത്.



പ്രണയപൂർവം നൽകിയ ചുംബനങ്ങൾ നെറ്റിൽ ഹിറ്റുകൾ തീർക്കുമെന്ന് പെൺകുട്ടി അറിഞ്ഞിരിക്കില്ല.

ഹോൾസെൽകാരുടെ സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്താണ് ഇവർ 'വിഭവങ്ങൾ' സ്വീരിക്കുന്നത്. മെമ്മറി കാർഡ് നൽകിയാൽ ക്വിൻെറൽ കണക്കിന് നീല പകർന്നു തരും. 'സ്വദേശി പാക്കേജുകളും' ഉണ്ട്. വൺ ജിബി നീല നിറയ്ക്കാൻ നൂറു മുതൽ നൂറ്റമ്പതു രൂപ വരെ. എന്നാൽ നാടൻ നിറയ്ക്കണമെങ്കിൽ പിന്നെയും കൂടും.

തലസ്ഥാനത്തെ ഒരു കച്ചവടക്കാരൻ മനസു തുറക്കുന്നു: ''യൂണിഫോം ഇട്ട പെൺപിള്ളേരുടേതാണെങ്കിൽ ആവശ്യക്കാർ കൂടും. നാട്ടിലെ സ്കൂളിൻേറയോ നാടിൻേറയോ ഒക്കെ പേരിട്ടാൽ നല്ല മാർക്കറ്റാ. ചിലർക്ക് ആവശ്യം സീരിയൽ സിനിമാ താരങ്ങളുടേതാണ്. അതുകൊണ്ടു ചിലതൊക്കെ മോർഫ് ചെയ്യും. പുത്തൻ സാധനങ്ങൾ സംഘടിപ്പിച്ചില്ലെങ്കിൽ ആവശ്യക്കാർ അപ്പുറത്തെ കടയിലേക്കു പോവും.'' കച്ചവട തന്ത്രങ്ങൾ തീപാറുന്നു.

### ശബ്ദപ്രണയിനികൾ

ഈ രംഗത്തെ 'പുത്തൻ ചുവടുവയ്പാണ്' ഫോൺസെക്സ് റെക്കോർഡിങ്. ബ്ലാക്ക്മെയ്‌ലിങ് വളരെ എളുപ്പത്തിൽ സാധിക്കുന്ന മറ്റൊരു വഴി. പ്രണയം നിറച്ച ശബ്ദത്തിൽ സംസാരം തുടങ്ങും. പിന്നീടതിൽ കാമം നിറയും. ഫോൺ സെക്സിൻെറ ആ ഘോഷങ്ങൾക്കൊടുവിൽ പെൺകുട്ടി അറിഞ്ഞിരിക്കില്ല, താൻ നൽകിയ ചുടുചുംബനങ്ങളും നിശ്വാസങ്ങളും അടുത്ത ദിവസം നെറ്റിൽ ഹിറ്റുകൾ തീർക്കുമെന്ന്.

ഈ ചൂടുള്ള ശബ്ദങ്ങൾക്കും നിശ്വാസങ്ങൾക്കും ഇപ്പോൾ നല്ല മാർക്കറ്റാണ്. സാധാരണ ഫോണിൽ നിന്ന് റെക്കോർഡു ചെയ്യുമ്പോൾ ബീപ് ശബ്ദം ഇടയ്ക്കിടെ കേൾക്കും. ഈ ശബ്ദം കേൾക്കുമ്പോഴായിരുന്നു റെക്കോർഡ് ചെയ്യുന്നു എന്നു തിരിച്ചറിഞ്ഞിരുന്നത്. ഈ പ്രശ്നത്തിനുള്ള പരിഹാരവും സോഫ്റ്റ്‌വേർ തമ്പുരാക്കന്മാർ കണ്ടെത്തിക്കഴിഞ്ഞു.

പ്രത്യേക സോഫ്റ്റുവേർ ഡൗൺലോഡ് ചെയ്ത് ഫോണുകളിൽ ഉപയോഗിച്ചാൽ ഈ പ്രശ്നങ്ങൾ മറികടക്കാം. നല്ല ക്ലാരിറ്റിയും ലഭിക്കും. ഇത്തരത്തിലുള്ള നൂറുകണക്കിനു സോഫ്റ്റുവെയറുകൾ അഞ്ചു പൈസ പോലും ചെലവില്ലാതെ ഇൻെറർനെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാനാവും. മലപ്പുറം ജില്ലയിലെ കോളജിൻെറ പേരുള്ള സൗണ്ട് ട്രാക്കിലും, കൊച്ചിയിലെ മല്ലുവിൻെറ പേരിലുള്ള ശബ്ദരേഖയിലും പ്രണയത്തിനു പിന്നിൽ തുടിക്കുന്ന നീല ശബ്ദം കേൾക്കാം.

മലയാളിയുടെ ലൈംഗിക അരാജകത്വം, ലൈംഗിക വിദ്യാഭ്യാസത്തിൻെറ അനിവാര്യത, അധികാരികളുടെ അശ്രദ്ധ.... കടിച്ചാൽ പൊട്ടാത്ത വാക്കുകൾ നിരത്തി ഈ വിഷയത്തിൻെറ തീവ്രതയിൽ നിന്നു നമുക്കു രക്ഷപ്പെടാം. പക്ഷേ, മാനം ഭയന്ന് മരണത്തിലേക്കു നടന്നുപോയ പെൺകുട്ടികളുടെ ആത്മാക്കൾക്ക് ആരാണ് ഉത്തരം നൽകുക?

വിജീഷ് ഗോപിനാഥ്

നിങ്ങൾക്കു പ്രതികരിക്കാം; സന്ദർശിക്കുക:
vanitha.manoramaonline.com

ഹൃദയക്കണ്ണാടി

# ഒരു രാത്രിവണ്ടിയുടെ ഓർമ



ഉർവശി എഴുതുന്നു

മദ്രാസ് മെയിൽ കുതിച്ചു പായുകയാണ്. പുറത്ത് വെളിച്ചത്തെ അള്ളിപ്പിടിക്കാൻ വരുംപോലെ നിറഞ്ഞ രാത്രിയുടെ ഇരുട്ട്. എറണാകുളത്തു നിന്നു മദ്രാസിലേക്കുള്ള യാത്രയിലാണു ഞാൻ. കൂടെ മീനാമ്മയുമുണ്ട്. (മരിച്ചു പോയ നടി മീന). 'സ്ത്രീധനം' എന്ന സിനിമയുടെ ഷൂട്ടിങ് കഴിഞ്ഞു മടങ്ങുകയാണു ഞങ്ങൾ. ആ സിനിമയിൽ എന്റെ കുശുമ്പി അമ്മായിയമ്മയായിട്ടായിരുന്നു മീനാമ്മയുടെ വേഷം. മിക്ക സിനിമയിലും മീനാമ്മയുടെ വേഷം അതുപോലെയായിരുന്നു. ജീവിതത്തിൽ ഏറെ സ്നേഹവതിയായിരുന്നു മീനാമ്മ. ഞങ്ങൾ വർത്തമാനമൊക്കെ കഴിഞ്ഞ് ഒടുവിൽ ഉറങ്ങാനുള്ള പുറപ്പാടായി. താഴത്തെ ബർത്തുകളിൽ ഞാനും മീനാമ്മയും കിടന്നു. മുകളിലെ ബർത്തുകളിൽ ഞങ്ങളുടെ ആയമാരും.

രാത്രി ഏറിക്കാണും. നല്ല ഉറക്കത്തിലായിരുന്ന ഞാൻ പെട്ടെന്നു ഞെട്ടിയുണർന്നു. എന്റെ കഴുത്തിലും മുഖത്തും ആരോ തപ്പുന്നതു പോലെ. പേടിച്ചു കണ്ണു തുറന്നപ്പോൾ! എന്റെ മുഖത്തിന്റെ തൊട്ടുമുന്നിൽ അതാ തല മുഴുവൻ തൂവെള്ള നിറമുള്ള ഒരാൾ!

'പ്രേതം. വെളുത്ത പ്രേതം!' ഉറക്കെ കരഞ്ഞത് എനിക്കു നല്ല ഓർമയുണ്ട്. നിലവിളി കേട്ട് അപ്പുറത്തെ കമ്പാർട്ട്മെന്റിൽ നിന്ന് ആരൊക്കെയോ ഓടി വന്നു. പേടി മാറാത്ത കണ്ണുകളോടെ ഞാൻ നോക്കുമ്പോൾ... ദേ... വെളുത്ത ഭൂതം മീനാമ്മയുടെ ബർത്തിന്റെ അരികിൽ! ഈ ബഹളമൊന്നും മീനാമ്മയുടെ ഉറക്കത്തെ ബാധിച്ചിട്ടില്ല. പുള്ളിക്കാരി ഉറക്കത്തിനിടയിൽ ചോദിക്കുന്നുണ്ട്. 'എന്നാ? എന്നാ തപ്പുന്നേ?' ഞാൻ കണ്ണുകൾ ഒന്നുകൂടി തിരുമ്മി നോക്കി. ഈ വെളുത്ത ഭൂതത്തിന് എന്താ വേണ്ടത്? കുറച്ചു നിമിഷത്തേക്ക് ഒന്നും പിടികിട്ടിയില്ല. പിന്നെയാണു കാര്യം മനസിലായത്. ഭൂതമൊന്നുമല്ല. അപ്പുറത്തെ ബർത്തിലെ അപ്പൂപ്പനാണ്. തല മുഴുവൻ വെളുവെളാ നരച്ച അപ്പൂപ്പൻ... രാത്രിയിൽ ബാത്ത്റൂമിൽ പോയിട്ടു തിരികെ വന്നപ്പോൾ അപ്പൂപ്പനു ബർത്ത് മാറിപ്പോയതാണ്. തന്റെ ഭാര്യയാണോ കിടക്കുന്നതെന്നു നോക്കുകയായിരുന്നു പാവം. ഏതായാലും പാതിരാത്രി ഞെട്ടിയുണർന്നെഴുന്നേറ്റു ചിരിക്കാനുള്ള വകയായി എല്ലാവർക്കും. ആരൊക്കെയോ അപ്പുറത്തു ചെന്ന് അപ്പൂപ്പന്റെ ഭാര്യയെയും കൂടെയുള്ള ചെറുമക്കളെയും വിളിച്ചു കൊണ്ടുവന്നു. ചിരിച്ചു ചിരിച്ച് ഞങ്ങൾ പിന്നെയും ഉറക്കം പിടിച്ചു.

തീവണ്ടിജനാലയ്ക്കു പുറത്തു വെട്ടം തെളിഞ്ഞു തുടങ്ങി. മദ്രാസ് സെൻട്രൽ സ്റ്റേഷൻ. ഞങ്ങളെല്ലാം ഇറങ്ങി.

അപ്പോഴായിരുന്നു സംഭവത്തിന്റെ ആന്റിക്ലൈമാക്സ്. അപ്പൂപ്പന്റെ കൂടെയുള്ള ചെറിയൊരു പയ്യൻ എന്റെയടുത്തു വന്നു പറഞ്ഞു: 'എന്തായാലും ഞങ്ങടെ ഉപ്പാപ്പായ്ക്ക് ആജീവനാന്തം ഒരു ചീത്തപ്പേരു കിടക്കുമല്ലോ.'

'എന്താ?' കാര്യം മനസിലാവാതെ ഞാൻ അന്തം വിട്ടു.

'അല്ല. പാതിരാത്രിയിൽ ഉർവശിയുടെ ബർത്തിനരികിൽ ചെന്നുവെന്ന ചീത്തപ്പേര്. അതിനി ഈ ആയുസിൽ മായിക്കാൻ പറ്റില്ലല്ലോ.'

ഒരു വലിയ തമാശ പറഞ്ഞ പോലെ അവൻ ചിരിച്ചു. പക്ഷേ, ആ ചിരി എന്നെ വിഷമിപ്പിക്കുകയാണു ചെയ്തത്. കൂടെ ചിരിക്കാൻ എനിക്കു തോന്നിയില്ല.

ഞാനാ വാചകത്തെപ്പറ്റി ആലോചിച്ചു. ഏതു കാര്യത്തിലും നമുക്ക് അശ്ലീലം കാണാം. ആ നിമിഷത്തിൽ പഴയൊരു കഥ ഓർമ വന്നു. മദ്രാസ് നടികർ സംഘത്തിന്റെ പ്രസിഡണ്ട് രാധാരവി പറഞ്ഞ കഥ. ഞാനും നളിനിയും വനിതയും ഒരു സിനിമയുടെ ലൊക്കേഷനിൽ മേക്കപ്പ് റൂമിൽ ഇരിക്കുകയായിരുന്നു. ആഹാരം കഴിക്കുന്ന സമയത്താണു രാധാരവി വന്നത്. സംസാരത്തിനിടെ രാധാരവി പറഞ്ഞു: "ഞാൻ ഒരു കഥ പറയാൻ പോകുന്നു. കഥയുടെ അവസാനം ഒരു ചോദ്യമുണ്ട്. നിങ്ങൾ ഉത്തരം പറയുമോ എന്നു നോക്കട്ടെ."

ഞങ്ങൾ കുട്ടികളെപ്പോലെ കഥ കേൾക്കാൻ അക്ഷമരായി.

"നല്ല സ്നേഹബന്ധത്തോടെ കഴിയുന്ന രണ്ടു വീട്ടുകാർ. ആദ്യത്തെ വീട്ടിൽ ഒരച്ഛനും അമ്മയും അവരുടെ യുവാവും സുന്ദരനുമായ മകനും. അപ്പുറത്തെ വീട്ടിൽ അച്ഛനും അമ്മയും അവരുടെ ഒരേയൊരു മകളും. ഒരു ദിവസം ആദ്യത്തെ വീട്ടിലെ പയ്യന്റെ അച്ഛനും അമ്മയും മകനു വേണ്ടി ഒരു കല്യാണാലോചനയ്ക്കു പോയി. അവർ പെൺകുട്ടിയുടെ അച്ഛനെയും അമ്മയെയും ഒപ്പം കൂട്ടിനു ചെല്ലാൻ വിളിച്ചു. അങ്ങനെ അവരും കൂടെ പോയി. പോകാൻ നേരം പെൺകുട്ടിയുടെ അച്ഛനും അമ്മയും പയ്യനോടു പറഞ്ഞു- 'നീ മോളെ ഒന്നു നോക്കിക്കോണേ.' വൈകുന്നേരമായി. പെട്ടെന്ന് ആകാശം മൂടിക്കെട്ടി. നല്ല മഴ. പയ്യൻ കുളി കഴിഞ്ഞു ജനാലയിലൂടെ മഴ നോക്കി തന്റെ മുറിയിലിരിക്കുകയാണ്. അവന്റെ മനസിലൂടെ സുഖകരമായ ചിന്തകൾ കടന്നു പോയി.

'ഏട്ടാ...' പെട്ടെന്ന് ഒരു വിളികേട്ട് അവൻ തിരിഞ്ഞു നോക്കി. ഒരു നനഞ്ഞ കൈ ജനലഴികൾക്കിടയിലൂടെ അവനെ തൊട്ടു. അപ്പുറത്തെ വീട്ടിലെ പെൺകുട്ടിയാണ്. അവൻ നോക്കി. അവൾ മഴ നനഞ്ഞു നിൽക്കുകയാണ്. ഉടുപ്പൊന്നുമിട്ടിട്ടില്ല അവൾ.... ഈ അവസരത്തിൽ അവൻ എന്തു ചെയ്യും?

രാധാരവി കഥയെ ഒരു കടങ്കഥയാക്കി മാറ്റി. ഒരു ചോദ്യചിഹ്നം മുഖത്തണിഞ്ഞു. മുറിയിൽ ആലോചനയുടെ നിശബ്ദത നിറഞ്ഞു. വൈകുന്നേരം... സുഖകരമായ മഴ... ഒരു പയ്യൻ തനിച്ച്. ഏട്ടാ എന്നു വിളിച്ച് അവന്റെ അരികിൽ നിൽക്കുന്ന പെൺകുട്ടി... കഥ ദൃശ്യങ്ങളായി എന്റെ കണ്ണിലൂടെ കടന്നുപോയി. പെട്ടെന്നു ഞാൻ രാധാരവിയോടു ചോദിച്ചു- "ഞാൻ പറയട്ടെ?"

"പറയൂ."

"പെൺകുട്ടി ഒരു കൊച്ചുകുഞ്ഞല്ലേ?"

"ഉർവശി യൂ ആർ കറക്ട്." രാധാരവി ചിരിയോടെ തുടർന്നു. "ആൺകുട്ടി അവളുടെ തല തുവർത്തിക്കൊടുത്തു. മോളേ മഴ നനയല്ലേ. പനി പിടിക്കുമെന്നു പറഞ്ഞു... എന്തിലും നമുക്ക് അശ്ലീലം കാണാം. ഏതു സ്നേഹബന്ധത്തിലും. അത് കാണുന്നവരുടെ മനസിലാണ്." രാധാരവി ഒരു ഗുണപാഠം പോലെ പറഞ്ഞു നിർത്തി.

മദ്രാസ് സെൻട്രൽ സ്റ്റേഷനിലെ ആൾത്തിരക്കിലേക്ക് വെള്ളമുടിയുള്ള അപ്പൂപ്പനും വീട്ടുകാരും നടന്നകലുമ്പോൾ ഞാൻ രാധാരവിയുടെ ആ വാക്കുകൾ ഓർമിച്ച് ഒരു നിമിഷം നിന്നു. •

> എന്താണ് ഈ വെളുത്ത ഭൂതത്തിനു വേണ്ടത്? കുറച്ചു നിമഷത്തേക്ക് ഒന്നും മനസിലായില്ല.

# വിധിയിൽ തളരാതെ അധ്യാപകർ

**വൈകല്യം ജീവിത വിജയത്തിന് ഒരു തടസമേ അല്ലെന്നാണ് ഈ അധ്യാപകർ, ശിഷ്യർക്കു പറഞ്ഞുകൊടുക്കുന്ന ആദ്യ പാഠം...**

പോളിയോ തളർത്തിക്കളഞ്ഞ കാൽ വകവയ്ക്കാതെ ക്രച്ചസിലൂന്നി വിനോദ് മാത്സ് ട്യൂഷൻ സെന്ററിലേക്കു കടന്നു വന്നു. ഗുഡ്മോണിങ് സാർ... കുട്ടികൾ ഒന്നിച്ചു പറഞ്ഞു. നൂറ്റി എഴുപതു പേരുടെ പ്രിയങ്കരനായ അധ്യാപകനാണു വിനോദ്.

ചങ്ങനാശേരിയിലെ 'മാത്സ് ട്യൂഷൻ സെന്റർ' ഒരു 'ഏകാധ്യാപക വിദ്യാലയമാണ്.' വിഷയം കണക്കുമാത്രം. പഠിപ്പിക്കുന്നതു വിനോദ് സാർ മാത്രം. അതുകൊണ്ടാണ് സ്ഥാപനത്തിന്റെ പേര് 'മാത്സ് ട്യൂഷൻ സെന്റർ' എന്നായത്.

ട്യൂഷൻ സെന്റർ തുടങ്ങിയിട്ടു പന്ത്രണ്ടു വർഷമായി. എട്ടു കിലോമീറ്ററിനുള്ളിലുള്ള നൂറ്റി എഴുപതോളം കുട്ടികളാണു വിനോദിന്റെയടുത്തു ട്യൂഷനായി എത്തുന്നത്. ഇരുന്നുകൊണ്ട് എഴുതാവുന്ന വിധത്തിൽ, എന്നാൽ എല്ലാ കുട്ടികൾക്കും കാണാവുന്ന വിധത്തിൽ ക്ലാസ് മുറി ഒരുക്കിയിരിക്കുന്നു.

പല ബാച്ചുകളായാണ് ഈ ട്യൂഷൻ സെന്ററിൽ ക്ലാസുകൾ നടക്കുന്നത്. രാവിലെയും വൈകിട്ടുമായി ആഴ്ചയിൽ പന്ത്രണ്ടു ബാച്ചുകളാണുള്ളത്. രാവിലെ അഞ്ചരയ്ക്കു ആദ്യ ക്ലാസ് ആരംഭിക്കും.

## ഒന്നും തടസമല്ല, ഒന്നിനും

കുട്ടിക്കാലത്തേ പോളിയോ വന്നു തളർന്നു പോയ കാലുകൾ വിനോദിന് ഒരിക്കലും ഒന്നിനും തടസമായിരുന്നില്ല. പുണെയിൽ ആർമി ഉദ്യോഗസ്ഥനായിരുന്നു വിനോദിന്റെ അച്ഛൻ സ്കറിയ. അതുകൊണ്ടു തന്നെ പഠിച്ചതും വളർന്നതുമെല്ലാം പൂനെയിലായിരുന്നു. ചെറുപ്പത്തിലേ പോളിയോ വന്നു കാലുകൾ തളർന്നു പോയെങ്കിലും വിനോദ് തളർന്നില്ല.

"ഇപ്പോൾ ഞാൻ ഒരു സപ്പോർട്ടുമില്ലാതെ സൈക്കിൾ ഓടി

> **"സാധാരണക്കാരെപ്പോലെ എല്ലാം ചെയ്യാനാണ് എനിക്കിഷ്ടം" വിനോദ്**



ക്കും സ്വന്തമായി സ്കൂട്ടർ വാങ്ങി. അതും രണ്ടു വീൽ മാത്രമുള്ളത്. സ്കൂളിൽ പഠിക്കുമ്പോൾ എന്നെ കണ്ടിരുന്ന ആരെങ്കിലും ഇപ്പോൾ കണ്ടിട്ടുണ്ടെങ്കിൽ ഇതു ഞാൻ തന്നെയെന്ന് വിശ്വസിക്കില്ല. ഒന്നര വയസുള്ളപ്പോഴാണു പോളിയോ വന്ന് എൻെറ കാലുകൾ തളർന്നു പോയത്. അതുവരെ ഓടിക്കളിച്ച എനിക്കു പിന്നീട് അനങ്ങാൻ വയ്യാതായി.'' വിനോദ്.

### സ്കൂളിലേക്കുള്ള യാത്രകൾ

കൂട്ടുകാർ സ്കൂളിലേക്ക് ഓടിപ്പോവുമ്പോൾ വിനോദ് സാവധാനം കൈകുത്തി നടന്നു കയറി. പിന്നാലെ ബാഗുമായി ചേട്ടനും ചേച്ചിമാരും. വീട്ടിലിരുന്നു പഠിച്ചാൽ ഒറ്റയ്ക്കായി പോവുമെന്നു മനസിലാക്കിയ മാതാപിതാക്കൾ സ്കൂളിൽ തന്നെ വിട്ടു മകനെ പഠിപ്പിച്ചു. ആ തീരുമാനമായിരുന്നു ജീവിതവിജയത്തിനു തുടക്കം കുറിച്ചത്.

''അവനെക്കൊണ്ടതു പറ്റില്ല.... അവൻ വയ്യാത്ത കുട്ടിയല്ലേ. പാവം... ഇതൊക്കെയാണു വിനോദ് ജീവിതത്തിൽ ഒരുപാടു കേട്ട വാക്കുകൾ. പക്ഷേ, പറ്റില്ലെന്നു മറ്റുള്ളവർ പറഞ്ഞ ഓരോ കാര്യങ്ങളും ചെയ്തു കാണിക്കുമ്പോഴുള്ള ത്രിൽ വലുതാണെന്നു വിനോദ്: ''ആദ്യമായി സൈക്കിൾ ഓടിച്ചപ്പോഴുള്ള സന്തോഷം വലുതായിരുന്നു. സ്കൂളിൽ പോവാൻ തുടങ്ങിയപ്പോൾ കൂട്ടുകാർക്കൊക്കെ സൈക്കിൾ. അവർ അതിൽ ഓരോ സർക്കസ് കാണിച്ചു കൊതിപ്പിക്കും. അങ്ങനെ സൈക്കിൾ ഓടിക്കണമെന്നു വാശിയായി.

ആദ്യം നാലു വീലുള്ള സൈക്കിൾ വാങ്ങി. പിന്നെ രണ്ടെണ്ണം എടുത്തുകളഞ്ഞു. ഒരു കുഴപ്പവുമില്ലാതെ എനിക്കോടിക്കാൻ കഴിഞ്ഞു. പ്ലസ്ടു വിനു പഠിക്കുമ്പോഴാണു ടൂവീലർ പഠിക്കണമെന്നു മോഹം തോന്നിയത്. അങ്ങനെ കൂട്ടുകാർ ഇരുവശത്തും നിന്നു പഠിപ്പിച്ചു. ഇപ്പോൾ ഞാൻ സ്വന്തമായി സ്കൂട്ടർ വാങ്ങിച്ചു. ജീവിതത്തിൽ ഒറ്റയ്ക്കിരിക്കുമ്പോഴുള്ള വേദന വലുതാണ്.''

''പണ്ടു ഞാൻ കൈകുത്തിയായിരുന്നു നടന്നത്. പിന്നെയെനിക്കു കാലിൽ എഴുന്നേറ്റു നിൽക്കാനായി. ഇത്രയും പ്രയാസമില്ല ആർക്കും കണക്കു പഠിക്കാൻ''. വിനോദ് വീണ്ടും അക്കങ്ങളുടെ ലോകത്തു കുട്ടികളുമായി 'കളിക്കാനിറങ്ങുന്നു.'

# അകക്കാഴ്ചയിൽ നിറയെ വെളിച്ചം

ജനറൽ സ്കൂളിൽ പഠിച്ച് എസ്എസ്എൽസി പൂർത്തിയാക്കിയ സംസ്ഥാനത്തെ ആദ്യ അന്ധവിദ്യാർഥിനിയാണു സുധാ ഗോപി. ജന്മനാ അന്ധയായിരുന്നു സുധ. വീട്ടുകാർ നിരവധി ചികിത്സകൾ നടത്തി. ഒന്നും ഫലം കണ്ടില്ല. പഠിക്കണമെന്ന മോഹവുമായി സുധ മുന്നേറി. എന്നാൽ, ബന്ധുക്കളും നാട്ടുകാരും പരിഹസിച്ചു. ''ഇവളെ പഠിപ്പിച്ചിട്ട് എന്തു പ്രയോജനമാണുള്ളത്?'' എന്നാൽ ഇന്നു സുധയുടെ ജീവിതം അവരെ കളിയാക്കിയവർക്കു പോലും മാതൃകയാണ്. കോട്ടയം ജില്ലയിലെ മീനടം ഗവ:ഹൈസ്കൂളിൽ അധ്യാപികയാണു സുധ ടീച്ചർ.



### പഠനകാലം അഥവാ ദുരിതകാലം

റെറ്റിനോപ്പതിക് പിഗ്മെന്റൈസർ (ആർപി) എന്നറിയപ്പെടുന്ന നേത്രരോഗമാണു സുധയുടെ അന്ധതയ്ക്കു കാരണം. കണ്ണിൽ നിന്നു തലച്ചോറിലേക്കു സന്ദേശമെത്തിക്കുന്ന ഞരമ്പുകളിൽ രക്തയോട്ടം കുറയുന്ന രോഗമാണിത്.

കങ്ങഴ എംജിഡിഎം ഹൈസ്കൂളിലായിരുന്നു സുധയുടെ സ്കൂൾ പഠനം. നാലാം ക്ലാസു മുതൽക്കേ ബ്രെയിൽ ലിപി അഭ്യസിക്കാൻ തുടങ്ങി. പാഠഭാഗങ്ങൾ ബ്രെയിലിലേക്കു തർജമ ചെയ്താണു പഠിച്ചിരുന്നത്.

എസ്എസ്എൽസിക്കു ശേഷം ചങ്ങനാശ്ശേരി അസംപ്ഷനിൽ നിന്നു പ്രീഡിഗ്രി. പാലാ അൽഫോൻസയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം. അധ്യാപക പരിശീലന കാലത്താണു തനിക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടു നേരിട്ടതെന്നു സുധ പറയുന്നു. ചാർട്ടുകൾ തയാറാക്കുക, സെമിനാർ ചെയ്യുക തുടങ്ങിയവയെല്ലാം ഏറെ പ്രയാസപ്പെട്ടാണു പൂർത്തിയാക്കിയത്. ആ കാലഘട്ടത്തെ ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലമായാണു സുധ കരുതുന്നത്. വൈകല്യവും മനഃശക്തിയും തമ്മിലുള്ള പോരാട്ടത്തിൽ അന്തിമ വിജയം മനഃശക്തിക്കായിരുന്നു.

### ആ മോഹം വിടരുന്നു.

കങ്ങഴ സ്കൂളിലെ അധ്യാപികയായിരുന്ന റോസമ്മ ചെറിയാനിലൂടെയാണു സുധയുടെ മനസിലേക്ക് അധ്യാപനമോഹം ചേക്കേറിയത്. ടീച്ചർ തന്റെ വിദ്യാർഥികളോടു പലപ്പോഴും അവരുടെ ലക്ഷ്യങ്ങൾ എന്താണെന്നു ചോദിക്കുമായിരുന്നു. ഒരിക്കൽ സുധ പറഞ്ഞു: ''എനിക്കു ടീച്ചറെപ്പോലെയാകണം.'' ആ ലക്ഷ്യത്തിലേക്കുള്ള യാത്രയായിരുന്നു പിന്നീട്. വൈകല്യങ്ങളെയും എതിർപ്പുകളെയും പരിഹാസങ്ങളെയും കടപുഴക്കി എറിഞ്ഞുകൊണ്ടുള്ള യാത്രയായിരുന്നു അത്.

സ്പെഷൽ സ്കൂൾ തിരഞ്ഞെടുക്കാതെ അധ്യാപനത്തി

**"ഇവളെ പഠിപ്പിച്ചിട്ട് എന്തിനാണെന്ന പരിഹാസത്തിനുള്ള മറുപടിയാണ് എൻെറ ജീവിതം" സുധാ ഗോപി**

നായി എന്തുകൊണ്ട് ജനറൽ സ്കൂൾ തിരഞ്ഞെടുത്തു എന്ന ചോദ്യത്തിനു സുധ ടീച്ചറുടെ പക്കൽ വ്യക്തമായ മറുപടിയുണ്ട്. ''സ്പെഷൽ സ്കൂളിലെ കുട്ടികൾക്ക് ശാരീരികമായ പല പ്രത്യേകതകളും കാണും. അന്ധയായ എനിക്ക് അവരുടെ അത്തരം പ്രശ്നങ്ങൾ ശ്രദ്ധിക്കാൻ കഴിഞ്ഞെന്നു വരില്ല. ജനറൽ സ്കൂളിലാകുമ്പോൾ കുട്ടിയുടെ പഠനകാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതിയല്ലോ.''

ബ്രെയിൽ ലിപിയിൽ തയ്യാറാക്കിയ പാഠപുസ്തകങ്ങളാണു സുധ ടീച്ചർ ഉപയോഗിക്കുന്നത്. തങ്ങളെ സുഹൃത്തുക്കളായി കണ്ടു പെരുമാറുന്ന ടീച്ചറോടു വിദ്യാർഥികൾക്കെല്ലാം അതിരറ്റ സ്നേഹവും ബഹുമാനവുമാണുള്ളത്.

കഴിഞ്ഞവർഷം സുധ ടീച്ചർ പത്താം ക്ലാസ് വിദ്യാർഥികൾക്കായി ഒരു സെമിനാർ സംഘടിപ്പിച്ചു. ശാരീരികമായി വൈകല്യങ്ങളുള്ളവരെ കണ്ടുപിടിച്ച് അവർ നേരിടുന്ന പ്രശ്നങ്ങൾ അന്വേഷിച്ച് അവതരിപ്പിക്കുക എന്നതായിരുന്നു സെമിനാർ വിഷയം.

വൈകല്യങ്ങളുടെ പേരിൽ സമൂഹം മാറ്റിനിർത്തുന്നവരുടെ പ്രശ്നങ്ങൾ പുതുതലമുറയ്ക്കു പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ സുധ ടീച്ചർ സംഘടിപ്പിച്ച സെമിനാർ വിജയമായിരുന്നെന്നു സഹാധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു. 'സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു മാറ്റിനിർത്തപ്പെടുന്നവരുടെ ഹൃദയവ്യഥകൾ ഞങ്ങൾക്കു തിരിച്ചറിയാനായി' എന്ന അവരുടെ വാക്കുകൾ അതിനു തെളിവാണ്.

മീനടം സ്കൂളിൽതന്നെ പഠിക്കുന്ന സഹോദരീപുത്രി അഞ്ജലി ദേവരാജാണ് ഇപ്പോൾ സുധ ടീച്ചറുടെ 'വഴികാട്ടി'. ഇനിയുള്ള ജീവിതത്തിൽ തനിക്കൊപ്പം നടക്കാൻ, തന്നെ കൈപിടച്ചു നടത്താൻ ഒരാളെത്തുമെന്ന പ്രതീക്ഷയിൽ ക്ലാസ്മുറിയിലേക്കു പാഠപുസ്തകവുമായി ടീച്ചർ നടന്നു നീങ്ങുന്നു.

# മനം നിറയെ ചിത്രങ്ങൾ

രണ്ടാം ക്ലാസുവരെ ഷിജോ സ്കൂളിലെത്തിയിരുന്നത് അമ്മയുടെ ഒക്കത്തിരുന്നാണ്. വയലിനെ പുൽകാനായി തലതാഴ്ത്തി നിൽക്കുന്ന തെങ്ങിൻ തലപ്പുകളും ഇടുങ്ങിയൊഴുകുന്ന ചെറുതോടുകളും 'നിലം തൊടാതെയുള്ള' യാത്രയ്ക്കിടയിൽ ആ കുഞ്ഞുമനസ്സിൽ പതിഞ്ഞു.

വൈകുന്നേരങ്ങളിൽ അമ്മ വരാനായി ക്ലാസ്മുറിയിലെ കാത്തിരിപ്പ്. ഷിജോയുടെ വിരലുകൾ ആദ്യമായി വിസ്മയങ്ങൾ ചാലിച്ചത് ആ സമയത്തായിരുന്നു. സ്ലേറ്റിലേക്കു കല്ലുപെൻസിലിലൂടെ പകൽ ദൃശ്യങ്ങൾ ഒഴുകിയിറങ്ങി. ക്ലാസ് ടീച്ചറായിരുന്ന സിസ്റ്റർ തെരേസിന്റെ അഭിനന്ദനങ്ങൾ ആ മനസിന് ഊർജം പകർന്നു.

അതൊരു തുടക്കമായിരുന്നു. എട്ടാം വയസിൽ ശരീരത്തിന്റെ ഭാഗമായ രണ്ടു ക്രച്ചസുകൾ പോലെതന്നെ 'വരയും' ഷിജോയുടെ ജീവിതത്തിന്റെ ഭാഗമായി. ഇപ്പോൾ മാവേലിക്കര രാജാരവിവർമ്മ ഫൈൻ ആർട്സ് കോളജ് പെയ്ന്റിങ് വിഭാഗത്തിൽ ലക്ചററാണ്. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മാമ്മൂട് സ്വദേശിയാണു ഷിജോ ജേക്കബ്.

"കാലുകളുടെ തളർച്ച എന്നെ ബാധിച്ചിട്ടേയില്ല."

**ഷിജോ ജേക്കബ്**

## പഠനത്തിന്റെ ബ്രഷുമായി....

തളർന്ന കാലുകൾ സൃഷ്ടിച്ച തിരയിളക്കങ്ങളെ ക്രച്ചസുകൊണ്ട് തടഞ്ഞു നിർത്തി മുന്നേറിയപ്പോഴെല്ലാം ചിത്രകല ഷിജോയുടെ സന്തതസഹചാരിയായി കൂടെയുണ്ടായിരുന്നു. മനസിൽ ചായമണിഞ്ഞ ഷിജോയ്ക്കു വർണരഹിതമായ ലോകത്തെപ്പറ്റി ചിന്തിക്കാനേ ആവുമായിരുന്നില്ല. അങ്ങനെ ചിത്രകല (ബാച്ച്ലർ ഓഫ് ഫൈൻ ആർട്സ്-ബിഎഫ്എ) പഠിക്കാൻ തിരുവനന്തപുരം ഫൈൻ ആർട്സ് കോളജിലെത്തി.



ബിരുദാനന്തരം ജാമിയ മിലിയ സർകലാശാലയിൽ നിന്ന് എം എഫ്എയുംനേടി. ഇക്കാലയളവിൽത്തന്നെ ചിത്രകലയിൽ ഗവേഷണം നടത്തുകയും യുജിസിയുടെ അദ്ധ്യാപനയോഗ്യതാ പരീക്ഷ വിജയിക്കുകയും ചെയ്തു. 'ശരീരം' എന്ന വിഷയം കേന്ദ്രമാക്കി ഷിജോ വരച്ച ചിത്രങ്ങൾ ആസ്വാദക ഹൃദയങ്ങളെ സ്പർശിച്ചു.

ഇരു കാലുകളും തളർന്ന് ക്രച്ചസിന്റെ സഹായത്തോടെ നടക്കുന്ന മനുഷ്യന് ഇതെങ്ങനെ സാധിക്കുന്നു എന്നു പലരും വിചാരിച്ചു. ഷിജോയുടെ തന്നെ മറുപടി: ''മനസാണു പ്രധാനം. കാലുകളുടെ തളർച്ച ഒരിക്കലും മനസിനെ ബാധിച്ചിട്ടില്ല. ബാധിക്കാൻ അനുവദിച്ചിട്ടുമില്ല.''

ഒരു കൈയിൽ ബ്രഷും മറ്റേ കൈയിൽ ക്രച്ചസുമേന്തി ബാലൻസ് ചെയ്താണു ഷിജോയുടെ ചിത്രരചന. പക്ഷേ, നിറങ്ങളുടെ ഇതളുകൾ ക്യാൻവാസിൽ വിടർന്നു വരുന്നത് ഒട്ടും ആയാസമില്ലാതെയാണ്. വെറും 'അധ്യാപകൻ'എന്ന വിശേഷണത്തോടും ഷിജോയ്ക്കു വിരോധമുണ്ട്. കലാധ്യാപകൻ എന്നു തന്നെ വിളിക്കണം എന്ന നിഷ്കർഷയുണ്ട് ഇദ്ദേഹത്തിന്. വിൻസിയാണു ഭാര്യ മകൻ സാവൻ

കേരള ലളിതകലാ അക്കാദമി ചിത്രകലാ അവാർഡിലൂടെ 2005ൽ ഷിജോയുടെ പ്രതിഭയ്ക്ക് അംഗീകാരം നൽകി. 2007ൽ ചൈന സന്ദർശിച്ച ഇന്ത്യൻ സൗഹൃദസംഘത്തിൽ അംഗമായിരുന്നു ഇദ്ദേഹം.

ഉറച്ച ശബ്ദത്തിൽ ഷിജോ ലോകത്തോടു വിളിച്ചു പറയുന്നത് ഇത്രമാത്രം: ''അയാം നോട്ട് ഹാൻഡികാപ്പ്ഡ്.''

# മനസിൻെറ കരുത്ത്

പണ്ട് അധ്യാപകൻ ഹാജർ ബുക്കിൽ നോക്കി 'സതീശൻ കല്ലത്ത്' എന്നു വിളിക്കുമ്പോൾ പിൻനിരയിലെ ബഞ്ചുകളിൽ ഏതെങ്കിലുമൊന്നിൽ നിന്നു രണ്ടു കൈകൾ-കൈകൾ മാത്രം-അന്തരീക്ഷത്തിലേക്കുയരും: 'പ്രസന്റ് സർ.'

ആ കൈകളിലാണു സതീശന്റെ ശക്തി. ഇപ്പോൾ, കാസർഗോഡ് ജില്ലയിലെ ഇളമ്പച്ചി ഗവ:ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനാണു നാട്ടുകാരുടെയും സുഹൃത്തുക്കളുടെയും 'സതീശൻ മാഷ്.'

കഠിനതയുടെ കയത്തിൽ നിന്നു 'കൈകൾ' മാത്രമുപയോഗിച്ചു തുഴഞ്ഞു കയറിയ വ്യക്തിയാണ് അധ്യാപകനായ സതീശൻ കല്ലത്ത്. രണ്ടാം വയസിലാണു പോളിയോ വന്നു സതീശന്റെ ഇരുകാലുകളും തളർന്നു പോയത്.

## "എന്നെങ്കിലും ഒരിക്കൽ ജോലി നേടണം അതു വാശിയായിരുന്നു"

**സതീശൻ കല്ലത്ത്**



### മുള്ളുവഴികൾ കടന്ന്

കൈകളിൽ ചെരിപ്പു ധരിച്ച്, ഇരുന്നുകൊണ്ടു ശരീരത്തെ മുന്നോട്ടു നീക്കുന്ന ഈ യുവാവിനു ജീവിതം എന്നും പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. പഠനകാലം മുതൽ മറ്റുള്ളവരെ ആശ്രയിക്കേണ്ടി വന്നു. അന്നേ സതീശൻ മനസ്സിലുറപ്പിച്ചിരുന്നു ''എന്നെങ്കിലുമൊരിക്കൽ ഒരു ജോലി നേടണം. സഞ്ചരിക്കാൻ ഒരു വാഹനം വാങ്ങണം മറ്റു ള്ളവരുടെ സഹായമില്ലാതെ ജീവിതം നയിക്കണം.''

അങ്ങനെ, ടിടിസി ചെയ്യാനായി മായപ്പാടി ഡയറ്റിലെത്തി. ടിടിസി പൂർത്തിയാക്കിയശേഷം ലാബ് അസിസ്റ്റന്റായി. തുടർന്ന് അധ്യാപനത്തിലേക്ക്......

### കാത്തിരുന്നത് അപകടങ്ങളായിരുന്നു

സതീശൻെറ ജീവിതത്തിൽ അപകടങ്ങൾ ഒരുക്കി വച്ച ചതിക്കുഴികളിൽ നിന്ന് ഏതൊക്കെയോ അദൃശ്യകരങ്ങൾ രക്ഷിക്കുമായിരുന്നു. ടിടിസി ക്കു പഠിക്കുന്ന കാലം. മായപ്പാടിക്കു സമീപമുള്ള കുന്നിൻ മുകളിൽ നിന്നു സൂര്യാസ്തമയം കാണാൻ സുഹൃത്തുക്കളായ അനസിനും ബിജുവിനോടുമൊപ്പം തിരിച്ചു വരുമ്പോൾ സൈക്കിളിൻെറ നിയന്ത്രണം വിട്ടു വശത്തെ കയ്യാലയിലേക്ക് ഇടിച്ചു കയറി. അല്ലായില്ലായിരുന്നെങ്കിൽ കയറ്റം കയറിവരികയായിരുന്ന ബസ്സിനടിയിൽ തന്റെ ജീവിതം തീർന്നേനെ എന്നു സതീശൻ കരുതുന്നു.

ഭാര്യ സുജാതയ്ക്കൊപ്പം വശങ്ങളിൽ ചക്രം ഘടിപ്പിച്ച സ്കൂട്ടറിൽ ടൗണിലേക്കു പോകവേ വീണ്ടുമൊരു അപകടം. സ്കൂട്ടറിനെ മറി കടക്കാൻ ശ്രമിച്ച ഓട്ടോയിൽ ബസിടിച്ചപ്പോൾ സ്കൂട്ടർ മറിഞ്ഞു. അവിടെയും സതീശന്റെ തുണയ്ക്കെത്തിയത് 'അദൃശ്യ കരങ്ങൾ.' പിന്നീടൊരിക്കൽ ഓട്ടോറിക്ഷായാത്രയിലുണ്ടായ അപകടത്തിലും സതീശൻ ജീവിതത്തിലേക്കു മടങ്ങി വന്നതു തലനാരിഴയ്ക്കാണ്.

### അധ്യാപകൻെറ, കർഷകഹൃദയം

ചെറുപ്പം മുതലേ കൃഷിയോടു പ്രണയമായിരുന്നു സതീശന്. വൈകല്യങ്ങളുണ്ടെങ്കിലും ഇന്നും മണ്ണ് ഒരു ഹരമാണ്. ഉദ്യാന പരിപാലനത്തിൽ ഏറെ ശ്രദ്ധാലുവായ സതീശൻ കൂൺ കൃഷിയിലും ഭാഗ്യം പരീക്ഷിച്ചിട്ടുണ്ട്. അധ്യാപകനായില്ലായിരുന്നെങ്കിൽ താനൊരു കർഷകനാകുമായിരുന്നു എന്നു സതീശൻ ഉറച്ചു വിശ്വസിക്കുന്നു.

ഇരുവശങ്ങളിലും ചക്രങ്ങൾ ഘടിപ്പിച്ച സ്കൂട്ടറിലാണ് ഇപ്പോൾ സതീശന്റെ സഞ്ചാരം. സതീശനും ഭാര്യ സജിതയും മക്കളായ സംഗീതും സരയുവും അടങ്ങുന്ന ചെറുകുടുംബം പ്രതീക്ഷകളും മനസിൽ നിറച്ചു നീങ്ങിക്കൊണ്ടിരിക്കുന്നു.

വിജീഷ്, ജോമിച്ചൻ ജോസ്



ഡോ. എം. സുഭദ്രാ നായർ
കൺസൾട്ടൻറ്
ഗൈനക്കോളജിസ്റ്റ്
കോസ്മോപൊളിറ്റൻ
ഹോസ്പിറ്റൽ
തിരുവനന്തപുരം

# ആർത്തവക്രമക്കേട്: പേടി വേണ്ട

വളരെ അത്യാവശ്യമുള്ള ശസ്ത്രക്രിയ മാത്രമേ ഗർഭകാലത്തു ചെയ്യാവൂ. കുഞ്ഞുണ്ടായി ആറു മാസത്തിനു ശേഷം ശസ്ത്രക്രിയ ചെയ്യുന്നതാണു അമ്മയ്ക്കും കുഞ്ഞിനും നല്ലത്.

എൻെറ മകൾക്ക് 12 വയസായി. രണ്ടു മാസം മുമ്പു മെൻസസ് ആയി. ഒരാഴ്ചത്തേക്കു രക്തസ്രാവമുണ്ടായി. 21 ദിവസം ആയപ്പോൾ വീണ്ടും ആർത്തവം ഉണ്ടായി. ഇത്തവണയും ബ്ലീഡിങ് കൂടുതലായിരുന്നു. ഇതിനു ചികിത്സ ആവശ്യമുണ്ടോ?

രമണി, പട്ടാമ്പി

ചിലരിൽആദ്യ ആർത്തവമുണ്ടായി പിന്നീട് ഹോർമോൺനില സാധാരണനിലയിലാകാൻ ഒരു വർഷം മുതൽ ഒന്നര വർഷം വരെയെടുക്കും. ഈ സമയത്ത് ആർത്തവം ക്രമം തെറ്റാം. കുറച്ചു കാലത്തേയ്ക്ക് ആർത്തവം വരാതിരിക്കും. ചിലപ്പോൾ നിങ്ങളുടെ കുട്ടിയുടേതു പോലെ കൂടെക്കൂടെ ആർത്തവം വരും. ഇതു രോഗമായി കണക്കാക്കേണ്ടതില്ല.

കുട്ടിക്കു പോഷകമൂല്യമുള്ള ആഹാരം കൊടുക്കുക. പാൽ, ഇലക്കറികൾ, പഴവർഗങ്ങൾ എന്നിവ ആഹാരത്തിൽ കൂടുതൽ ഉൾപ്പെടുത്തുക. ദിവസവും കുറഞ്ഞത് എട്ടു ഗ്ലാസ് വെള്ളമെങ്കിലും കുടിക്കുക. വിളർച്ചയുണ്ടെങ്കിൽ ഇരുമ്പ് അടങ്ങിയ മരുന്നു കൊടുത്താൽ മതി.



മാനസികപിരിമുറുക്കവും ആർത്തവക്രമത്തെ ബാധിക്കാം.ആർത്തവത്തോടനുബന്ധിച്ചു രക്തസ്രാവമുണ്ടാകുന്നതു സ്വാഭാവിക പ്രകിയയാണെന്നു കുട്ടിയെ പറഞ്ഞു മനസിലാക്കുകയും വേണം.

## വെളുത്ത ദ്രാവകം

ഞാൻ 20 വയസുള്ള യുവതിയാണ്. മൂത്രമൊഴിക്കുമ്പോൾ വെളുത്ത പാടയും ദ്രാവകവും പുറത്തു വരുന്നു. ഇതിനു ചികിത്സ ആവശ്യമുണ്ടോ?

പി.എൻ, തിരുവല്ല

ഈ പ്രായത്തിൽ യോനിയിൽ നിന്നു ദ്രാവകം വരുന്നതു രോഗത്തിൻെറ ലക്ഷണമല്ല. ഗർഭാശയവും ബന്ധപെട്ട ഭാഗങ്ങളും ഈ പ്രായത്തിലാണു പൂർണ വളർച്ചയെത്തുന്നത്. കൂടുതൽ രക്തചംക്രമണവും ഉണ്ടാകും.വളർച്ചയുടെ ഭാഗമായി മാത്രം ഇതിനെ കണ്ടാൽ മതി.

ചൊറിച്ചിലോ മറ്റ് അസ്വസ്ഥതകളോ ഇല്ലെങ്കിൽ പ്രത്യേകിച്ചു ചികിത്സ ആവശ്യമില്ല. ആവശ്യമെങ്കിൽ നിങ്ങളുടെ മനസമാധാനത്തിനായി ഒരു ഗൈനക്കോളജിസ്റ്റിനെ കണ്ടോളു.

## ഗർഭമുണ്ട്, ശസ്ത്രക്രിയ ചെയ്യാമോ?

എനിക്ക് 28 വയസുണ്ട്. ഏഴു മാസം ഗർഭിണിയാണ്. കോൺടാക്റ്റ്ലെൻസ് ഒഴിവാക്കാൻ ലാസിക് ശസ്ത്രക്രിയ ചെയ്യാൻ തീരുമാനിച്ചു. ഗർഭാവസ്ഥയിൽ ലാസിക് ശസ്ത്രക്രിയ ചെയ്യുന്നതിൽ പ്രശ്നമുണ്ടോ?

സബിത, കാളകെട്ടി

ഗർഭിണിയും മുലയൂട്ടുന്ന അമ്മയും ലാസിക് ശസ്ത്രക്രിയ ചെയ്യാതിരിക്കുകയാണു നല്ലത്. ഗർഭകാലത്തു കണ്ണിനകത്തെ അളവുകൾക്ക് അൽപം വ്യത്യാസമുണ്ടാകാം. ലാസിക് ശസ്ത്രക്രിയയ്ക്കു അളവുകളുടെ കൃത്യത പ്രധാനമാണ്. വളരെ അത്യാവശ്യമുള്ള ശസ്ത്രക്രിയ മാത്രമേ ഗർഭകാലത്തു ചെയ്യാവൂ. കുഞ്ഞുണ്ടായി ആറുമാസമെങ്കിലും കഴിഞ്ഞ് ശസ്ത്രക്രിയ ചെയ്യുന്നതാണു അമ്മയക്കും കുഞ്ഞിനും സുരക്ഷിതം.

## മലബന്ധവും കൃമിശല്യവും

ഞാൻ 21 വയസുള്ള വിദ്യാർഥിനിയാണ്. ഏകദേശം ഒരു വർഷമായി കൃമിശല്യം ഉണ്ട്. മലദ്വാരത്തിനുള്ളിലും ചുറ്റും ഭയങ്കര ചൊറിച്ചിലാണ്. ചിലപ്പോൾ യോനിയിലും ശല്യമുണ്ടാകും. ഞാനെന്താണു ചെയ്യേണ്ടത്? കൃമിശല്യം നിശ്ശേഷം മാറാൻ മരുന്നു നിർദേശിക്കാമോ? മലബന്ധമുണ്ട്. ഇതു മാറാൻ എന്തെങ്കിലും മരുന്നുണ്ടോ?

മിസ് കെ., പാലക്കാട്

മലദ്വാരത്തിനടുത്തുള്ള phincter, Piles തുടങ്ങിയവ എന്തെങ്കിലും രീതിയിൽ മലശോധനയെ ബാധിക്കാം. മലം തീരെ കട്ടിയായിട്ടാണു പോകുന്നതെങ്കിൽ ആഹാരത്തിൽ കൂടുതൽ പഴങ്ങളും ഇലക്കറികളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. അതോടുകൂടി മലം മുറുകാതെപോകുന്നതിനു ലാക്സേറ്റീവ്സ് ഉപയോഗിക്കാം. കുറച്ചു ദിവസം നല്ലതുപോലെ അയഞ്ഞുപോകുകയാണെങ്കിൽ മലദ്വാരത്തിലുള്ള വിഷമം മിക്കവാറും കുറയും.

ചൊറിച്ചിലിനു കാൻഡിഡ് ക്രീം ഉപയോഗിക്കാം. ഇതു ഗുണം ചെയ്യുന്നില്ലെങ്കിൽ ഡോക്ടറുടെ നിർദേശം തേടുക.



പ്രമുഖ സെക്സോളജിസ്റ്റും മുംബൈ കെഇഎം ഹോസ്പിറ്റലിൽ സെക്ഷ്വൽ മെഡിസിൻ തലവനുമായ **ഡോ. പ്രകാശ് കോത്താരിയും** മകൾ **ഡോ. രചന കോത്താരിയും** (സൈക്കോളജിസ്റ്റ് , മാരിറ്റൽ ആൻഡ് റിലേഷൻഷിപ് കൗൺസലർ) ലൈംഗിക സംശയങ്ങൾക്കു മറുപടി പറയുന്നു.





# എല്ലാ തവണയും രതിമൂർച്ഛയുണ്ടാകില്ല

എന്റെ വിവാഹം കഴിഞ്ഞിട്ടു മൂന്നു വർഷമായി. ഒരു കുഞ്ഞുണ്ട്. ലൈംഗികബന്ധത്തിലേർപ്പെടുമ്പോൾ എനിക്കു യോനിയിൽ അസഹ്യമായ നീറ്റലും വേദനയും അനുഭവപ്പെടുന്നു. മാത്രമല്ല മിക്കപ്പോഴും രതിമൂർച്ഛ അനുഭവപ്പെടാറുമില്ല. എന്താണു പരിഹാരം?

പി.പി, എറണാകുളം

ലൈംഗികബന്ധത്തിലേർപ്പെടുമ്പോൾ വേദന അനുഭവപ്പെടാം. മതിയായ ഉത്തേജനമില്ലായ്മ, ജനനേന്ദ്രിയത്തിലെ കുഴപ്പങ്ങൾ, തെറ്റായ പോസുകൾ, ലൈംഗികമരവിപ്പ് തുടങ്ങിയവ ചില കാരണങ്ങളാണ്.

രതിമൂർച്ഛയും ചില കാര്യങ്ങളെ ആശ്രയിച്ചാണു സജീവമാകുക. ലൈംഗികബന്ധത്തിലേർപ്പെടുമ്പോഴുള്ള വേദനയും അസ്വസ്ഥതകളും രതിമൂർച്ഛയ്ക്കു തടസമാണ്.

ചില കാര്യങ്ങൾ ശ്രദ്ധിക്കാം. മാനസികമായും ശാരീരികമായും തയാറായതിനു ശേഷം മാത്രം ലൈംഗികബന്ധത്തിലേർപ്പെടുക. ഇങ്ങനെ അൽപം മുന്നൊരുക്കത്തിലൂടെ ലൈംഗികബന്ധത്തിലേർപെട്ടാൽ യോനിയിൽസ്നിഗ്ധത ഉണ്ടാകും. രതിമൂർച്ഛയിലേക്കുള്ള വഴി സുഗമമാക്കും.

തീവ്രദുഃഖമനുഭവപ്പെടുമ്പോഴും രോഗം മൂലം അസ്വസ്ഥതകളുള്ള സാഹചര്യങ്ങളിലും കഴിയുമെങ്കിൽ ലൈംഗികബന്ധം ഒഴിവാക്കുക.

ശ്രദ്ധിക്കേണ്ട വേറൊരു കാര്യം ലൈംഗികബന്ധത്തിലേർപ്പെടുമ്പോഴുള്ള പോസുകളാണ്. ഏതു പോസുകളാണു സുഖകരമായി തോന്നുന്നത് അസ്വസ്ഥതകളുണ്ടാക്കാത്തത് എന്നു തുറന്ന സംസാരത്തിലൂടെ പങ്കാളി മനസിലാക്കണം.

ലൈംഗികബന്ധം ഊഷ്മളമാക്കുന്നതിൽ വ്യക്തിശുചിത്വത്തിനു സുപ്രധാന പങ്കുണ്ട്. നിങ്ങളുപയോഗിക്കുന്ന പെർഫ്യൂം, പൗഡർ, സോപ്പ് എന്നിവയുടെ മണം പങ്കാളിക്ക് ഇഷ്ടപ്പെടുന്നതാവാൻ ശ്രദ്ധിക്കുക.

വസ്ത്രധാരണത്തിലും ആകർഷകത്വം വേണം. കിടപ്പുമുറിയിൽ മാത്രം ഉപയോഗിക്കാവുന്ന വസ്ത്രം തിരഞ്ഞെടുക്കുക. ഇത്തരം കാര്യങ്ങളിൽ പുലർത്തുന്ന പുതുമയാണു ലൈംഗികജീവിതം ആഘോഷമാക്കുക..

ഒരു കാര്യം പ്രത്യേകം മനസിലാക്കുക. എല്ലാ സംഭോഗവും രതിമൂർച്ഛയിലവസാനിക്കണമെന്നു സ്ത്രീയുടെ കാര്യത്തിൽ നിർബന്ധമില്ല. ലൈംഗികോത്തേജനമുണ്ടായോ സംതൃപ്തിയും സന്തോഷവും ലഭിച്ചുവോ എന്നതാണു പ്രധാനം. പലപ്പോഴും രതിമൂർച്ഛയിലെത്തിയതു നിങ്ങൾ അറിയണമെന്നുമില്ല. നിങ്ങൾ നന്നായി ആസ്വദിച്ചോ എന്നറിയാൻ എളുപ്പമാർഗം ഭർത്താവിനോടു ചോദിക്കുകയാണ്.

## ആർത്തവവിരാമമാകുമ്പോൾ

നാൽപത്തിയെട്ടു വയസു കഴിഞ്ഞ വീട്ടമ്മയാണു ഞാൻ. ആർത്തവ വിരാമമായി. പക്ഷേ, ഭർത്താവിനിപ്പോഴും ലൈംഗികകാര്യങ്ങളിൽ വലിയ താൽപര്യമാണ്. ആർത്തവവിരാമത്തോടെ ലൈംഗിക താൽപര്യം കുറയുന്നതെന്തുകൊണ്ട്?

ടി ടി, ചേർത്തല

മധ്യവയസു കഴിഞ്ഞാൽ ലൈംഗികമോഹമൊക്കെ ഒതുക്കി കഴിയണമെന്ന ചിന്തഗതി എങ്ങനെയോ മിക്ക മലയാളി സ്ത്രീകളുടെയിടയിലും ശക്തമാണ്. മക്കളും കൊച്ചുമക്കളുമായി, ഇനി സെക്സിനെക്കുറിച്ചു സംസാരിക്കുന്നതു പോലും ശരിയല്ല എന്ന മനോഭാവമാണ്.

ആർത്തവവിരാമത്തോടെ ഭർത്താവിനു തന്നിലുള്ള താൽപര്യവും കുറയുമെന്ന വിശ്വാസം തെറ്റാണ്. ആർത്തവവിരാമമാകുമ്പോൾ ലൈംഗികജീവിതത്തിൽ ചില ഭേദഗതികളാവാമെന്നു മാത്രം. ആവശ്യമെങ്കിൽ സംഭോഗത്തിന്റെ എണ്ണം കുറയ്ക്കാം. എന്നാൽ, പരസ്പരമുള്ള കരുതൽ, തുറന്ന സംസാരം എന്നിവയിൽ കുറവു വരാൻ പാടില്ല. ചുംബനങ്ങളും ലാളനകളും കൊണ്ടു ലൈംഗികജീവിതം ഉല്ലാസകരമാക്കാം.

ആർത്തവവിരാമത്തോടെ യോനീഭിത്തികൾ ചുരുങ്ങും. അതിനാൽ ലൈംഗികബന്ധത്തിനു കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടും. ഗൈനക്കോളജിസ്റ്റിന്റെ ഉപദേശാനുസരണം ലൂബ്രിക്കൻറ്സ് ഉപയോഗിക്കാവുന്നതാണ്.

ആഗ്രഹത്തിനനുസരിച്ചു ലൈംഗികവികാരം ഉണരുന്നില്ലെങ്കിൽ ഹോർമോൺ മരുന്നുകൾ കഴിക്കാം. ഒരു ഡോക്ടറുടെ നിർദേശപ്രകാരം മാത്രമേ മരുന്നു കഴിക്കാവൂ.

ലൈംഗികകാര്യങ്ങളിൽ നിങ്ങളുടെ സംശയങ്ങൾ ഞങ്ങൾക്ക് എഴുതുക. വിലാസം :എഡിറ്റർ, വനിത, പി. ബി. നമ്പർ 226, കോട്ടയം - 1
കവറിനു പുറത്ത് 'വായനക്കാരുടെ സംശയങ്ങൾ' എന്നെഴുതണം.

# സ്വപ്നം താണിറ

## നിപ്പോൺ പെയിൻറ് വനിത ഫിലിം അവാർഡ്സിലെ കാണാക്കാഴ്ചകൾ



# ിറങ്ങി വന്നതോ...

ഴ്ചകൾ





ഓസ്കാർ ജേതാവ് റസൂൽ പൂക്കുട്ടിക്കു വനിതയുടേയും മലയാള മനോരമയുടേയും ഉപഹാരം മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു സമ്മാനിക്കുന്നു.

എല്ലാ നക്ഷത്രങ്ങളെയും മാനത്ത് ഒരേ പോലെ കാണാറില്ല. പക്ഷേ, നിപ്പോൺ പെയിൻറ് വനിത ഫിലിം അവാർഡിനായി താരകങ്ങൾ ഒരുമിച്ചു വേദിയിലേക്കിറങ്ങി വന്നു. അപ്പോൾ തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയം ശതതാരപ്രഭയി ൽ ജ്വലിച്ചു. മലയാളസിനിമയുടെ നക്ഷത്രങ്ങൾക്കു നടുവിൽ സൂര്യനായി റസൂൽപൂക്കുട്ടി. റസൂലിനെ ആദരിച്ചു കൊണ്ടാണു അവാർഡ്നിശ ആരംഭിച്ചത്. വനിതയുടേയും മലയാളമനോരമയുടേയും സ്നേഹസമ്മാനം മലയാളമനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു റസൂലിനു സമ്മാനിച്ചു. മൈക്ക് കൈയ്യിലെടുത്തു റസൂൽ ചിരിച്ചു. ഓസ്കാർ വേദിയിൽ കണ്ട ആവേശം തുളുമ്പുന്ന അതേ ചിരി. കയ്യുയർത്തി സദസിനെ അഭിവാദ്യം ചെയ്തു. ഹർഷാരവം മുഴക്കി എഴുന്നേറ്റു നിന്നു സദസിൻെറ പ്രത്യഭിവാദനം.

ലോകസൗന്ദര്യമത്സരത്തിൽ രണ്ടാമതെത്തിയ പാർവതി ഓമനക്കുട്ടനെയും ബോളിവുഡിൻെറ ഹൃദയറാണി അസിൻതോട്ടുങ്കലിനെയും റസൂൽ അഭിനന്ദിച്ചു. വേദിയിലിരുന്ന ഇരുവരും അഭിനന്ദനത്തിനു പുഞ്ചിരി കൊണ്ടു നന്ദി പറഞ്ഞു.

നിപ്പോൺ പെയിൻറ് വനിത ഫിലിം അവാർഡിനു അസിൻ തോട്ടുങ്കൽ ഐശ്വര്യദീപം കൊളുത്തി. വേദിയിൽ ഏഴുതിരിയിട്ട നിലവിളക്കിനരികെ മറ്റൊരു ദീ

**നക്ഷത്രങ്ങൾ 'പിറന്ന മണ്ണിൽ':**
റസൂൽപൂക്കുട്ടി, അസിൻ, പാർവതി ഓമനക്കുട്ടൻ



മികച്ച നടനുള്ള പുരസ്കാരം മോഹൻലാലിനു റസൂൽപൂക്കുട്ടി സമ്മാനിക്കുന്നു. നിപ്പോൺ പെയിൻറ് വൈസ്പ്രസിഡൻറ് രമാകാന്ത് വി. അകുല സമീപം.

Main sponsor
NIPPON PAINT
Co-sponsored by
Kalyan Jewellers
INDROYAL Global Furniture
Jayalakshmi Celebrations in Silk, Since 1947 M.G.Road, Ernakulam.
Chemmanur Opticals | Watches
FEDERAL BANK YOUR PERFECT BANKING PARTNER
BLOSSOM
HAPPY
Prestige
gulf gate

## സലിംകുമാർ പേരുമാറ്റുന്നു!

'റസൂലിനെ കണ്ടപ്പോൾ ഞാൻ പറഞ്ഞു. ചേട്ടാ... എനിക്കും ഒരു ഓസ്കാർ കിട്ടിയാൽ കൊള്ളാമെന്നുണ്ട്. ഇത്തവണ ഓസ്ക്കാർ കിട്ടിയ രണ്ടു പേരുടേയും പേരു തുടങ്ങുന്നത് 'റ' എന്ന അക്ഷരത്തിലാണല്ലോ. അതു കൊണ്ടു ഞാൻ എൻെറ പേരു മാറ്റുകയാണ്. ഇന്നു മുതൽ ഞാൻ സലിംകുമാറല്ല... റലിംകുമാറാണ്' ഇത്രയും പറഞ്ഞു സലിംകുമാർ സിംബലടിക്കുന്നതു പോലെ ചിരിച്ചപ്പോൾ കാണികളും ഒപ്പം കൂടി.




താര നിശയിലേയ്ക്കു സ്വാഗതം: മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു



മികച്ച നടിക്കുള്ള പുരസ്കാരം ഗോപികയ്ക്കു മിസ്‌വേൾഡ് റണ്ണറപ്പ് പാർവതി ഓമനക്കുട്ടൻ സമ്മാനിക്കുന്നു. ജയലക്ഷ്മി സിൽക്സ് എംഡി എൻ.നാരായണ കമ്മത്ത് സമീപം.

പനാളം പോലെ അസിൻ. ഗോൾഡൻ ഗൗണണിഞ്ഞ മിന്നൽ പെൺകൊടി. അസിൻെറ മുഖം ബിഗ്സ്ക്രീനിൽ തെളിഞ്ഞപ്പോൾ ഹർഷാരവത്തിൻെറ കരുത്തു കൂടി. ചിരിയോടെ മൈക്ക് കൈയിലെടുത്ത അസിനു നിമിഷാർധ നേരത്തേക്കു മിണ്ടാനായില്ല. ആഹ്ളാദത്താൽ വിറയ്ക്കുന്ന സ്വരത്തോടെ അസിൻ പറഞ്ഞു.

'ജനിച്ചു വളർന്ന നാട്ടിൽ, സ്വന്തം നാട്ടുകാരുടെ മുന്നിൽ ഇതുപോലൊരു കൂടിക്കാഴ്ചയ്ക്കു അവസരമൊരുക്കിയ 'വനിത'യ്ക്കു നന്ദി. ശബ്ദത്തിൻെറ ലോകം കീഴടക്കി ഓസ്കാർ ജേതാവായ റസൂൽപൂക്കുട്ടിയെ ആദരിക്കുന്ന ചടങ്ങിൽ മുഖ്യാതിഥിയായി എന്നെ ക്ഷണിച്ചതിനു ഒരിക്കൽ കൂടി നന്ദി.'

വാക്കുകൾക്കു വിരാമമിട്ടു സ്റ്റേജിൻെറ പടവുകളിറങ്ങുമ്പോൾ അസിൻെറ കൺകോണുകളിൽ ചിരിയുടെ കണ്ണീരു മൊട്ടിട്ടു നിന്നു.

വിവിധസിനിമ സംഘടനാ ഭാരവാഹികളായ ഇന്നസെൻറ്, സിബിമലയിൽ, ജി.സുരേഷ്കുമാർ എ. എസ്. ടി. സുബ്രഹ്മണ്യം, സിയാദ് കോക്കർ എന്നിവർ അസിനൊപ്പം ഐശ്വര്യദീപം തെളിച്ചു. കേരളം കാത്തിരുന്ന അവാർഡ് നിശയ്ക്കു തുടക്കമായി. സ്വാഗതപ്രസംഗത്തിൽ മലയാളമനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു മോഹൻലാലിൻെറ പേരു പരാമർശിച്ചപ്പോൾ സദസ് ഇളകി. നിപ്പോൺ പെയിൻറ് വനിത അവാർഡ് നിശയുടെ അവതാരകരായി എത്തിയതു മൂന്നു സുന്ദരികൾ. റിമ കല്ലിങ്കൽ, ദീപവിജയൻ, രമ്യരവീന്ദ്രൻ.

നിപ്പോൺ പെയിൻറ് വനിത ഫിലിം അവാർഡ് നിശയ്ക്കു അസിൻ ഭദ്രദീപം കൊളുത്തുന്നു. ഇന്നസെൻറ്, സിബിമലയിൽ, ജി. സുരേഷ്കുമാർ, എ. എസ്. ടി. സുബ്രഹ്മണ്യം, സിയാദ് കോക്കർ എന്നിവർ സമീപം



ലാസ്യം,നടനം: നടി ലക്ഷ്മിഗോപാലസ്വാമിയും സംഘവും അവതരിപ്പിച്ച നൃത്തം



Main sponsor
NIPPON PAINT
Co-sponsored by
Kalyan Jewellers
INDROYAL Global Furniture
Jayalakshmi Celebrations in Silk. Since 1947 M.G.Road, Ernakulam
Chemmanur Opticals · Watches
FEDERAL BANK YOUR PERFECT BANKING PARTNER
BLOSSOM
HAPPY
Prestige
gulfgate



സൂര്യകാന്തി: നടി ലക്ഷ്മിറായിയും സംഘവും അവതരിപ്പിച്ച നൃത്തം

ഐശ്വര്യദീപപ്രഭയിൽ കലയുടെ കാഴ്ചവിരുന്നിനു തുടക്കമിട്ടതു ലക്ഷ്മിഗോപാലസ്വാമി. ജഗംദബയുടെ മൂന്നു രൂപങ്ങളായ ലക്ഷ്മി, സരസ്വതി, പാർവതി സങ്കൽപമാണു ലക്ഷ്മി ഗോപാലസ്വാമി അരങ്ങത്തവതരിപ്പിച്ചത്. റിഗാറ്റ ചന്ദ്രനും കലാക്ഷേത്ര അരുൺ ശങ്കറുമായിരുന്നു നൃത്തസംവിധായകർ.

പകലിനു യാത്രാമൊഴിയേകി സന്ധ്യ രാവിലേക്കു പദമൂന്നി. തളർന്ന വെയിൽചൂടിനു മേലെ കാറ്റുവീശി. അവാർഡ് പ്രഖ്യാപനങ്ങൾക്കായി സദസു കാതുകൂർപ്പിച്ചു. ലൈഫ്ടൈം അച്ചീവ്മെൻറ് അവാർഡ്, മികച്ച നടൻ, നടി, ജനപ്രിയതാരം, സംവിധായകൻ എന്നിവർക്കു ഒരുലക്ഷം രൂപയും പ്രമുഖ ഡിസൈനർ ഗ്രൂപ്പായ ടൈറ്റൻ രൂപകൽപന ചെയ്ത മെമൻേറായുമാണു ലഭിച്ചത്. മറ്റു അവാർഡ് ജേതാക്കൾക്ക് അരലക്ഷം രൂപയും മെമൻേറായും. ആകെ 17 അവാർഡുകൾ. ഒന്നര ലക്ഷം പേരുടെ അഭിപ്രായവോട്ടെടുപ്പിലൂടെയാണ് ഈ അവാർഡുകൾ തീരുമാനിക്കപ്പെട്ടത്.

നിറങ്ങളുടെ ലോകത്തെ ചക്രവർത്തിയായ നിപ്പോൺ പെയിൻറാണു വനിത ഫിലിംഅവാർഡിൻെറ മുഖ്യസ്പോൺസർ. ടിടികെ പ്രസ്റ്റീജ്, കല്യാൺജ്വല്ലേഴ്സ്, കിൽബൻ ഫുഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജയലക്ഷ്മി സിൽക്സ്, ഗൾഫ് ഗേറ്റ്, ഇൻഡ്രോയൽ, ബ്ലോസം, ഫെഡറൽ ബാങ്ക്, മേളം മസാല ചെമ്മണ്ണൂർ ഒപ്റ്റിക്കൽസ് എന്നിവരാണു ഫിലിം അവാർഡിൻെറ സഹസ്പോണസർമാർ.



ഉള്ളം തുള്ളും ഗാനം: ഹിന്ദി പിന്നണി ഗായിക ശ്രേയ ഗോഷാൽ പാടുന്നു

അവാർഡ് നിശയിലെ ആദ്യസമ്മാനം ഗാനരചയിതാവിനുള്ളതായിരുന്നു. വേദിയിലെ സ്ക്രീനിൽ കട്ടിക്കണ്ണട വച്ച വയലാറിൻെറ മുഖം തെളിഞ്ഞു. പഴയ ഈണങ്ങൾ നഗ്നപാദകളായി മനസിലേക്കോടി വന്നു. പാരിജാതങ്ങളുടെ തിരുമു





ജനപ്രിയതാരത്തിനുള്ള പുരസ്കാരം ജയറാമിനു കല്യാൺ ജ്വല്ലേഴ്സ് എംഡി കല്യാണരാമൻ സമ്മാനിക്കുന്നു. നടി അസിൻ സമീപം



നിപ്പോൺ പെയിൻറ് വനിത ലൈഫ്ടൈം അച്ചീവ്മെൻറ് പുരസ്കാരം സുകുമാരിക്കു സംവിധായകൻ പ്രിയദർശൻ സമ്മാനിക്കുന്നു. നിപ്പോൺ പെയിൻറ് വൈസ്പ്രസിഡൻറ് രമാകാന്ത് വി. അകുല സമീപം.



ജനപ്രിയ സിനിമയ്ക്കുള്ള പുരസ്കാരം 'ടൺറി ടൺറി'യുടെ നിർമാതാവ് ദിലീപിനു സംവിധായകൻ ലോഹിതദാസ് സമ്മാനിക്കുന്നു. ഫെഡറൽ ബാങ്ക് ഡിജിഎം ശിവകുമാർ സമീപം.



മികച്ചസംവിധായകനുള്ള പുരസ്കാരം രഞ്ജിത്തിനു സംവിധായകരായ ഐ.വിശശിയും സിബിമലയിലും സമ്മാനിക്കുന്നു.

റ്റത്തു നിന്നു വന്ന കവിയുടെ മകൻ വേദിയിലേക്കു നടന്നു കയറി. കൽക്കട്ട ന്യൂസിലെയും മുല്ലയിലേയും ഗാനങ്ങളാണു വയലാർ ശരത്ചന്ദ്രവർമയെ അവാർഡിനർഹനാക്കിയത്.

' ഈപുരസ്കാരം എനിക്കു നേടിത്തന്ന വനിത വായനക്കാരുടെ സ്നേഹം 'നന്ദി' എന്ന രണ്ടക്ഷരം മാത്രം പറഞ്ഞു കളങ്കപ്പെടുത്തുന്നില്ല. പകരം അവർക്കു മുന്നിൽ മനസ് പ്രണമിക്കുന്നു. ഒപ്പം ആത്മാവിൽ ഒരു ചിത പോലെയെരിയുന്ന അച്ഛൻെറ സ്മരണകൾക്കു മുന്നിൽ ഈ പുരസ്കാരം സമർപ്പിക്കുന്നു.' സദസിൻെറ കരഘോഷത്തിൽ ശരത്ചന്ദ്രവർമയുടെ വാക്കുകൾ മുങ്ങി.

'മുല്ല'യിലെ 'കണ്ണിൻ വാതിൽ ചാരാതെ' എന്ന ഗാനമാണു വിദ്യാസാഗറിനെ ജനപ്രിയ സംഗീതസംവിധായക പുരസ്ക്കാരത്തിനർഹനാക്കിയത്. ' പ്രിയമാന എല്ലാ മലയാളികൾക്കും ഹൃദയം നിറഞ്ഞ നമസ്കാരം. മലയാളിയും മലയാള സിനിമാസംഗീതവും എൻെറ ഹൃദയത്തോടു ചേർന്നു നിൽക്കുന്നവയാണ്. 'മുല്ല'യുടെ സംവിധായകൻ ലാൽജോസ് എൻെറ അടുത്ത സുഹൃത്താണ്. ലാലുവിനു വേണ്ടി സംഗീതം ചെയ്യുമ്പോൾ അതു മറ്റൊരാൾക്കു വേണ്ടി ചെയ്യുന്നതാണെന്നു തോന്നാറില്ല. ഈ അംഗീകാരം ലാലുവിനു കൂടിയുള്ളതാണ്' അവാർഡ് സ്വീകരിച്ചുവിദ്യാസാഗർ പറഞ്ഞു. ജനപ്രിയ ഗാനത്തിനു സിനിമയിൽ സ്വരംപകർന്ന ഗായത്രി വേദിയിൽ. 'കണ്ണിൻ വാതിൽ ചാരാതെ....' പാട്ടിനൊപ്പം മനസും ഒഴുകി. പാട്ടു തീർന്നപ്പോൾ പോയവർഷത്തെ മികച്ച പാട്ടുകാരി വേദി


Main sponsor

NIPPON PAINT

Co-sponsored by

Kalyan Jewellers

INDROYAL Global Furniture

Jayalakshmi Celebrations in Silk. Since 1947 M.G.Road, Ernakulam.

Chemmanur Opticals | Watches

FEDERAL BANK YOUR PERFECT BANKING PARTNER

BLOSSOM

HAPPY

Prestige

gulfGate




മിന്നലഴകേ...:ബോളിവുഡ് സുന്ദരി ദിയ മിർസയും സംഘവും അവതരിപ്പിച്ച നൃത്തം



മികച്ച സഹനടനുള്ള പുരസ്കാരം ഇന്നസെൻറിനു നടൻ പ്രതാപ്പോത്തൻ സമ്മാനിക്കുന്നു. ഗൾഫ്ഗേറ്റ് ഹെയർ ഫിക്സിങ് ചെയർമാനും എംഡിയുമായ സക്കീർഹുസൈൻ സമീപം



മികച്ച ഹാസ്യനടനുള്ള പുരസ്കാരം സലിംകുമാറിനു നടി കവിയൂർപൊന്നമ്മ സമ്മാനിക്കുന്നു നടൻ വിനീത് സമീപം.



മികച്ച സഹനടിക്കുള്ള പുരസ്കാരം റോമയ്ക്കു നടി സീമ സമ്മാനിക്കുന്നു. ടിടികെ പ്രസ്റ്റീജ് സോണൽ മാനേജർ എം. സി. മോഹൻദാസ് സമീപം.

യിൽ. 'മുല്ല'യിലെ 'കനലുകളാടിയ' എന്ന ഗാനമാണു സുജാതയ്ക്കു മികച്ച പിന്നണിഗായികയ്ക്കുള്ള പുരസ്കാരം നേടിക്കൊടുത്തത്. പുരസ്കാരം സ്വീകരിച്ച ശേഷം അവാർഡ് നേടിക്കൊടുത്തത ഗാനം സുജാത അഫ്സലിനൊപ്പം ആലപിച്ചു. ഗായിക പടവുകളിറങ്ങിയപ്പോൾ മികച്ച ഗായകൻ പടി കയറി വന്നു. 'ഇന്നത്തെ ചിന്താവിഷയത്തി'ലെ കണ്ടോ കണ്ടോ കാക്ക കുയിലെ ' എന്നപാട്ടിലൂടെയാണ് എം. ജി. ശ്രീകുമാർ മികച്ച പിന്നണിഗായകനായി തിരഞ്ഞെടുക്കപ്പെട്ടത്.

അവാർഡ് നേടിക്കൊടുത്ത ഗാനത്തിൻെറ നാലുവരി പാടിയതിനു ശേഷം പെട്ടെന്നൊരു ഓളപ്പാട്ടിലേക്കു എം.ജി. ശ്രീകുമാർ ചുവടു മാറ്റിയപ്പോൾ കാണികളും ഒപ്പം നൃത്തം ചവിട്ടി. സദസ് ഉണർന്നു. ചടുലചലനങ്ങൾക്കു കാത്തിരുന്ന കണ്ണുകൾക്കു നിരാശപ്പെടേണ്ടി വന്നില്ല. നൃത്തം വയ്ക്കുന്ന സൂര്യകാന്തിയായി വേദിയിൽ ലക്ഷ്മിറായ്. ഒപ്പം നിരവധി തമിഴ്ചിത്രങ്ങൾക്കു നൃത്താരംഗമൊരുക്കിയ ജോൺ ബ്രിട്ടാസും സംഘവും.

ആ സുന്ദരനിമിഷങ്ങൾക്കു ശേഷം വെള്ളിത്തിരയിലെ മോ

Main sponsor
NIPPON PAINT
Co-sponsored by
Kalyan Jewellers
INDROYAL Global Furniture
Jayalakshmi Celebrations in Silk. Since 1947 M.G.Road, Ernakulam
Chemmanur Opticals | Watches
FEDERAL BANK YOUR PERFECT BANKING PARTNER
BLOSSOM
HAPPY
Prestige
gulfgate



ചിരിയരങ്ങ്: സുരാജ് വെഞ്ഞാറംമൂടും സംഘവും



ഇടവേളബാബു സംവിധാനം ചെയ്തു താരങ്ങൾ അവതരിപ്പിച്ച സ്കിറ്റ്



'സുബ്രഹ്മണ്യപുരം' ഫെയിം ദീപമിറിയം



യുവഗായകരായ അൻവർസാദത്ത്, ഗായത്രി, അഫ്സൽ എന്നിവർ വേദിയിൽ

ഹിപ്പിക്കുന്ന ദൃശ്യങ്ങൾ പകർത്തിയ ക്യാമറമാനുള്ള അവാർഡ് സമ്മാനിച്ചു. കൽക്കട്ട ന്യൂസിൻെറ ഛായാഗ്രഹണമാണ് എസ്. കുമാറിനെ പുരസ്കാരത്തിനർഹനാക്കിയത്. 'എന്നു മുതൽ ഒരു നല്ല ഛായാഗ്രാഹകനാണു ഞാനെന്നു ജനങ്ങൾ കരുതിത്തുടങ്ങിയോ... അന്നു മുതൽ എൻെറ ഉത്തരവാദിത്വം കൂടി. അടുത്ത തവണ ബെസ്റ്റ് സൗണ്ട്റെക്കോഡിങ്ങിനും കൂടി അവാർഡ് വേണം. ഇക്കാര്യം റസൂൽ 'വനിത'യോട് ആവശ്യപ്പെടണ' മെന്നും പുരസ്ക്കാരം സ്വീകരിച്ചു കൊണ്ടു എസ് കുമാർ അഭ്യർഥിച്ചു.



മികച്ച വില്ലനുള്ള പുരസ്കാരം സിദ്ദിഖിനു നടൻ റഹ്മാൻ സമ്മാനിക്കുന്നു. മേളം ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടർ എം. വിജയചന്ദ്രമേനോൻ സമീപം.

'വെറുതേ ഒരു ഭാര്യ'യിലൂടെ മലയാളിയുടെ മനംകവർന്ന കെ. ഗിരീഷ്കുമാറാണു മികച്ച തിരക്കഥാകൃത്ത്. ബെന്നി ദയാലിൻെറ മാസ്മരസംഗീതത്തിൻെറ ലഹരിയെന്തെന്നു കാണികൾ തിരിച്ചറിഞ്ഞു. അഴകിയ തമിഴ്മകനിലെ 'മധുരയ്ക്കുപോവാതെടീ' എന്ന ഒറ്റഗാനത്തിലൂടെ തെന്നിന്ത്യയുടെ മനം കവർന്ന ബെന്നിയും സംഘവും ആടിപ്പാടിയപ്പോൾ പുൽക്കൊടികൾ പോലും താളം പിടിച്ചു. താരങ്ങളുടെ മുൻനിരയിലേക്കു ബെന്നി ഇറങ്ങിച്ചെന്നപ്പോൾ സുകുമാരി കസേരയിൽ നിന്നെഴുന്നേറ്റു. ഒപ്പം സലിം കുമാറും. ആദ്യം താളം പിടിച്ചു. പിന്നെ ഇരുവരും ബെന്നിയുടെ പാട്ടിനൊപ്പം നൃത്തം ചെയ്തു.

ഇൻഡിപോപ്പിൻെറ നാളത്തെ രാജകുമാരൻ ഇതാ മുന്നിൽ എന്നു കാണികൾ മനസിൽ പറഞ്ഞിരിക്കണം. താളപ്പെരുക്കം നടയിറങ്ങി. മികച്ച ഹാസ്യനടനുള്ള അവാർഡ് നേടിയ സലിംകുമാർ കയറി വന്നതു തന്നെ ചിരിയുടെ പൂത്തിരിയുമായാണ്.

നായകനും വില്ലനുമായി മലയാളികളുടെ മനം കവർന്ന സിദ്ദിഖാണു മികച്ച വില്ലൻ. സിദ്ദിഖ് അവാർഡ് സ്വീകരിച്ചതിനു ശേഷം എത്തിയതു പാട്ടിൻെറ പൂരമാണ്.

'ഡോലാരെ' പാടി ബോളിവുഡിൻെറ ഹൃദയം കവർന്ന നമ്പർവൺ ഗായിക ശ്രേയ ഗോഷാൽ. സംഗീതം തിമിർത്തു പെയ്ത അരങ്ങിൽ മീരാനന്ദൻ നവാഗതപ്രതിഭയ്ക്കുള്ള പുരസ്കാരം സ്വീകരിച്ചു. പിന്നെ, തമിഴകത്തിൻെറ കരൾകവർന്ന റീമ സെന്നിൻെറ ഗ്ലാമർ ചുവടുകളിൽ ആഹ്ലാദം അലതല്ലി. ദ്രുതസംഗീതത്തിനൊപ്പം റീമ ചുവടുവച്ചപ്പോൾ യുവാക്കൾ ഇരിപ്പിടം വിട്ടെണീറ്റു. 'ഡാഡി.. മമ്മി വീട്ടിലില്ലെയ്..' എന്ന പാട്ടിനൊപ്പം ഉടലിളക്കി റീമയ്ക്കൊപ്പം കാണികളും ചുവടുവച്ചു.

മികച്ചസഹനടനുള്ള പുരസ്കാരം ഇന്നസെൻറും സഹനടി

Main sponsor
NIPPON PAINT
Co-sponsored by
Kalyan Jewellers
INDROYAL Global Furniture
Jayalakshmi Celebrations in Silk. Since 1947 M.G.Road, Ernakulam.
Chemmanur Opticals | Watches
FEDERAL BANK YOUR PERFECT BANKING PARTNER
BLOSSOM
HAPPY
Prestige
gulfgate



ജനപ്രിയ ഗാനത്തിനുള്ള പുരസ്കാരം വിദ്യാസാഗറിനു സംഗീതസംവിധായകൻ ഔസേപ്പച്ചൻ സമ്മാനിക്കുന്നു. കോട്ടൺ ഏഷ്യ പാർട്ണർ ഷാജി തോമസ് സമീപം.



ചേച്ചി കാൻ ഡാൻസ് ബെന്നി: സദസിലേക്കിറങ്ങിയ പിന്നണി ഗായകൻ ബെന്നിദയാലിന്റെ പാട്ടിനൊപ്പം ചുവടു വയ്ക്കുന്ന നടി സുകുമാരി.



മികച്ച ഗായകനുള്ള പുരസ്കാരം എം.ജി ശ്രീകുമാറിന് നടി അംബിക സമ്മാനിക്കുന്നു. കിൽബെൻ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എംഡി എ. ഖാലിദ് സമീപം.

ക്കുള്ള അവാർഡ് റോമയും സ്വീകരിച്ചു. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ പിന്നെ മുഴങ്ങിയതു ബോളിവുഡിലെ മലയാളി പ്രതാപമായ കെകെയുടെ സ്വരമാധുര്യമാണ്. 'ഓം ശാന്തി ഓമി'ലെ 'അജ്ബ് സി ആംഖോം മെ തേരി' എന്ന തന്റെ സൂപ്പർ ഹിറ്റ് ഗാനവുമായി കെകെ കളം കൊഴുപ്പിച്ചു. താരസംഗമത്തിലൂടെ തന്നെ ശ്രദ്ധേയമായ 'ട്വന്റി ട്വന്റി' യാണു ജനപ്രിയ ചിത്രത്തിനുള്ള അംഗീകാരം നേടിയത്. 'ട്വന്റി ട്വന്റി'യുടെ നിർമാതാവായ നടൻ ദിലീപ് അവാർഡ് ഏറ്റുവാങ്ങി..

എഴുത്തിലെ മികവു സംവിധാനകലയിലേക്കും പകർന്നാടിയ സിനിമയാണു 'തിരക്കഥ'. ഈസിനിമയുടെ സംവിധായകൻ രഞ്ജിത്താണു മികച്ച സംവിധായൻ. അവാർഡ് സ്വീകരിച്ചു സംസാരിച്ച രഞ്ജിത്തിന്റെ വാക്കുകൾ വികാര ഭരിതമായിരുന്നു.

'എന്നെ സിനിമാക്കാരനാക്കിയ നഗരമാണു തിരുവനന്തപുരം. തിരക്കഥ ഏറ്റവും അധികം ആളുകൾ കണ്ട നഗരവും തിരുവനന്തപുരമാണ്. പ്രിയ നഗരമേ നന്ദി. തിരക്കഥ ഒരു സ്ത്രീയുടെ ജീവിതത്തിന്റെ ഋതുഭേദങ്ങൾ പകർത്തിയ സിനിമയായിരുന്നു. 'വനിത' എന്ന മലയാളിയുടെ പ്രിയപ്പെട്ട പ്ര



മികച്ച ഗായികയ്ക്കുള്ള പുരസ്കാരം സുജാതയ്ക്കു നടി മേനക സമ്മാനിക്കുന്നു. ഇൻഡ്രോയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാനും എംഡിയുമായ ജെ. സുഗതൻ സമീപം.

ആംഖോം മേം തേരി...: ബോളിവുഡിലെ മലയാളി പ്രതാപം കെകെ പാടുന്നു.





മികച്ചഗാനരചയിതാവിനുള്ള പുരസ്കാരം വയലാർ ശരത്ചന്ദ്രവർമയ്ക്കു ഗാനരചയിതാവ് ബിച്ചുതിരുമല സമ്മാനിക്കുന്നു. നടൻ അനൂപ് മേനോൻ സമീപം.



താരപ്രഭയിൽ: സദസിൻെറ മുൻനിര

സിദ്ധീകരണം കലയുടെ ഈ അഭിജാതസദസിനു മുമ്പാകെ പുരസ്കാരം തരുമ്പോൾ ഞാൻ തലകുനിക്കുന്നു.'

മഴവിൽമഴ പോലെ വർണവിളക്കുകൾ പ്രകാശം ചൊരിഞ്ഞപ്പോൾ നിശയുടെ മുഖപടമഴിഞ്ഞു. രാത്രിക്കു പകലിനേക്കാൾ വെളിച്ചം. വർണരാജിയുടെ നടുവിൽ ദിയ മിർസ ആടുന്നു. ഒപ്പം ബോളിവുഡിലെ പ്രമുഖ നൃത്തസംവിധായകൻ സന്തോഷ് ഷെട്ടിയും സംഘവും. നൃത്തത്തിനു അകമ്പടിയേകുന്ന ഗിറ്റാറിൻെറ നെഞ്ചിടിപ്പിനൊപ്പം ഹരം കൊള്ളുന്ന കാണികൾ. ചടുലനടനത്തിനു ശേഷം ആലസ്യത്തിലേക്കു വഴുതിയ അരങ്ങ് ജയറാമിനെ കണ്ടതോടെ ഉണർന്നു. 'വെറുതേ ഒരു ഭാര്യ'യിലെ അഭിനയമികവാണു ജയറാമിനു ജനപ്രിയനായകനുള്ള പുരസ്കാരം നേടിക്കൊടുത്തത്.

'ആദ്യമായാണ് എനിക്കു വനിതയുടെ പുരസ്കാരം ലഭിക്കുന്നത്. അതിനാൽ തന്നെ ഈ അവാർഡിൽ ഇത്തിരി അധികം സന്തോഷമുണ്ട്. എൻെറ കൊച്ചുകൊച്ചു സന്തോഷങ്ങൾക്കൊപ്പം നിൽക്കുന്ന എൻെറ അശ്വതിക്ക് (പാർവതി) ഞാൻ ഈ അവാർഡ് സമർപ്പിക്കുന്നു.' നിലയ്ക്കാത്ത കരഘോഷത്തോടെയാണു കാണികൾ ജയറാമിൻെറ വാക്കുകൾ സ്വീകരിച്ചത്. ഇടവേള ബാബു സംവിധാനം ചെയ്തു സിനിമാ ടെലിവിഷൻ താരങ്ങൾ ചേർന്നവതരിപ്പിച്ച കോമഡി പ്രോഗ്രാം എങ്ങും ചിരിയുടെ നുറുങ്ങുകൾ വിതറി. കൽപന, പൊന്നമ്മ ബാബു, ഇന്ദ്രൻസ്, കൊച്ചുപ്രേമൻ, ടിനി ടോം തുടങ്ങിയവരാണു വേദിയിലെത്തിയത്. തുടർന്നു നിപ്പോൺ പെയിൻറ് വനിത ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്. ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് സ്വീകരിച്ചു കൊണ്ടു സുകുമാരി പറഞ്ഞു.

'എൻെറ മക്കളായി അഭിനയിച്ച പലരും ഇവിടെയുണ്ട്. അവർക്കു മുമ്പിൽ ഒരമ്മ അവാർഡ് വാങ്ങുന്നതു പോലെയാണ് ഇത്. സത്യത്തിൽ വളരെ സന്തോഷമുണ്ട്. സത്യത്തിൽ ഇത് ഏറെ പ്രിയതരമാകുന്നത് എൻെറ പ്രിയൻെറ കയ്യിൽ നിന്നു ഈ അവാർഡ് വാങ്ങാൻ പറ്റിയെന്നതു കൊണ്ടാണ്. എൻെറ മകനേക്കാൾ എനിക്കു പ്രിയപ്പെട്ടവനാണു പ്രിയദർശൻ'.

പ്രിയൻെറ കൈതാങ്ങിൽ സുകുമാരി വേദിയുടെ പടവുകളിറങ്ങി. പിന്നെ, അൻവർസാദത്തും അഫ്സലും ദീപമിറിയവും ഒരുക്കിയ ഗാനവിരുന്ന്. 'വെറുതേ ഒരു ഭാര്യ'യിലെ മികച്ച നടിക്കുള്ള അവാർഡ് സ്വീകരിച്ചു സംസാരിച്ച ഗോപികയുടെ സ്വരത്തിൽ ഉള്ളിലെ ആഹ്ളാദത്തിൻെറ ഇരമ്പമുണ്ടായിരുന്നു. 'ഞാൻ ഒത്തിരി ആഗ്രഹിച്ച അവാർഡാണിത്. ഏറെ സന്തോഷമുണ്ട്. എല്ലാവർക്കും നന്ദി.' മികച്ച നടൻ

## അഞ്ചുനക്ഷത്രങ്ങൾ

കേരളക്കരയുടെ അതിരുകൾ കടന്നു മലയാളത്തിൻെറ വെന്നിക്കൊടി പാറിച്ച താരങ്ങളുടെ സംഗമ സ്ഥാനമായിരുന്നു നിപ്പോൺ പെയിൻറ് വനിത ഫിലിം അവാർഡ് വേദി. മികച്ച നടനുള്ള അവാർഡ് വാങ്ങാനെത്തിയ മോഹൻലാൽ ആതിഥേയനെപ്പോലെ എല്ലാവരോടും കുശലം പറഞ്ഞു. മിസ് വേൾഡ് റണ്ണർ അപ്പ് ചങ്ങാശേരിക്കാരി പാർവതി, ബോളിവുഡിൻെറ റാണി കൊച്ചിക്കാരി അസിൻ, കൊല്ലംകാരനായ ഓസ്കാർ ജേതാവ് റസൂൽ പൂക്കുട്ടി, എ. ആർ. റഹ്മാൻെറ പ്രിയഗായകനും കൊല്ലംകാരനുമായ ബെന്നിദയാൽ, ഹിന്ദി, തമിഴ്, തെലുങ്ക് ഭാഷകളിലെ സംഗീത പ്രേമികളുടെ മനം കവർന്ന തൃശൂർക്കാരൻ കെ. കെ. എന്ന കൃഷ്ണകുമാർ മേനോൻ അങ്ങനെ മറുനാട്ടിൽ മലയാളത്തിൻെറ മുഖശ്രീയായി മാറിയ അഞ്ചു നക്ഷത്രങ്ങളാണു അനന്തപുരിയിൽ ഒത്തു ചേർന്നത്.

വശ്യമോഹനം: നടി റീമസെനും സംഘവും അവതരിപ്പിച്ച നൃത്തം



Main sponsor

NIPPON PAINT

Co-sponsored by

Kalyan Jewellers
INDROYAL Global Furniture
Jayalakshmi Celebrations in Silk. Since 1947 M.G Road, Ernakulam
Chemmanur Opticals | Watches
FEDERAL BANK YOUR PERFECT BANKING PARTNER
BLOSSOM
HAPPY
Prestige
gulfgate

# സ്നേഹത്തിൻെറ ഭാരം



മികച്ച തിരക്കഥാകൃത്തിനുള്ള പുരസ്കാരം കെ. ഗിരീഷ്കുമാറിനു തമിഴ് സിനിമ സംവിധായകൻ ശശികുമാർ സമ്മാനിക്കുന്നു. സംവിധായകനും നടനുമായ മധുപാൽ സമീപം

' മനോരമ ഗ്രൂപ്പിൽ നിന്നുള്ള ഈ സമ്മാനം എന്നെ സംബന്ധിച്ചിടത്തോളം സന്തോഷം ഇരട്ടിപ്പിക്കുന്നുണ്ട്. പഠനകാലത്ത് ആവശ്യമായ പണം ഞാൻ നേടിയിരുന്നത് മനോരമയ്ക്കു വേണ്ടി ജോലി ചെയ്താണ്. അന്നു മനോരമയ്ക്കു തൃശൂർ യൂണിറ്റില്ല. അവിടെ നിന്നു തൃശൂർ പേജിലേക്കുള്ള ഫോട്ടോകളുമായി ഞാൻ എറണാകുളം ഓഫീസിൽ വരും. തിരികെ പത്രവണ്ടിയിലാണു മടക്കം. വെളുപ്പിനെ തൃശൂരെത്തും. പോകുന്ന വഴിയിൽ കെട്ടുകളിറക്കുന്നതു ഞങ്ങൾ മൂന്നാലു പയ്യന്മാരാണ്. വനിത വരുന്ന ദിവസം ടെൻഷനാണ്. വേറൊന്നുമല്ല. അന്നു കെട്ടിനു ഭാരം കൂടും. അന്നു ചുമന്ന ഭാരത്തിനു ഇന്നു ഹൃദ്യമായൊരു സമ്മാനം നൽകിയിരിക്കുകയാണു വനിത. മനോരമക്കുടുംബത്തിനു നന്ദി.' ഓർമകളിൽ ഉരസിയെത്തിയ ഗിരീഷ് കുമാറിൻെറ വാക്കുകളിൽ ഒരു നിമിഷം സ്റ്റേഡിയം നിശബ്ദമായി.

മോഹൻലാൽ എന്ന പ്രഖ്യാപനം അധികമാർക്കും കേൾക്കാൻ കഴിഞ്ഞില്ല. കാതടപ്പിക്കുന്ന ശബ്ദാരവത്തിൽ അതു മുങ്ങി. ഗാലറിയിൽ ബാനറുകൾ ഉയർന്നു. 'ലാലേട്ടാ...' വിളികൾക്കു നടുവിൽ മോഹൻലാൽ വേദിയിലേക്ക്.. മെല്ലെ കയ്യുയർത്തി സദസിനു നേരെ വീശി. നിറഞ്ഞ ചഷകം, തുളുമ്പും പോലൊരു ചിരിയും. 'എല്ലാവർക്കും ശുഭരാത്രി. ആവേശകരമായ ഈ വരവേൽപ്പിനു നന്ദി. കഴിഞ്ഞ മുപ്പതു വർഷമായി ഈ മണ്ണിൽ ചവുട്ടിനിന്നു കൊണ്ട് അഭിനയിക്കാൻ കഴിഞ്ഞുവെന്നതു ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി.' ഓസ്കാർജേതാവ് റസൂൽ പൂക്കുട്ടിയും നിപ്പോൺ പെയിൻറ് വൈസ്പ്രസിഡൻറ് രമാകാന്ത് വി. അകുലയും ചേർന്നാണു ലാലിനു അവാർഡ് സമ്മാനിച്ചത്.



മികച്ച ക്യാമറമാനുള്ള പുരസ്കാരം എസ്. കുമാറിനു ക്യാമറമാന്മാരായ രാമചന്ദ്രബാബുവും അഴകപ്പനും ചേർന്നു സമ്മാനിക്കുന്നു.



നവാഗതപ്രതിഭയ്ക്കുള്ള പുരസ്കാരം മീരാനന്ദനു നടൻ കുഞ്ചാക്കോ ബോബൻ സമ്മാനിക്കുന്നു. ചെമ്മണ്ണൂർ ഒപ്റ്റിക്കൽസ് ഡയറക്ടർ ജോർജ് ചെമ്മണ്ണൂർ സമീപം.

വേദിയിൽ നിന്നു ലാൽ ഇറങ്ങിയപ്പോൾ നിമിഷനേരത്തേക്കു ചന്ദ്രശേഖരൻനായർ സ്റ്റേഡിയം പൂരം കഴിഞ്ഞ മൈതാനം പോലെ നിശബ്ദമായി. സുരാജ് വെഞ്ഞാറമ്മൂടിൻെറ ചിരിയരങ്ങോടെ കാണികൾ കലാശക്കൊട്ടിനുള്ള ഒരുക്കം തുടങ്ങി. വീണ്ടും ബെന്നി ദയാൽ വേദിയിൽ. കസേര വിട്ടെഴുന്നേറ്റ കാണികൾക്കൊപ്പം ഇറങ്ങിച്ചെന്ന ബെന്നി അവർക്കൊപ്പം ആടിപ്പാടി. ഇന്ത്യക്കു ഓസ്കാർശോഭ നൽകിയ സ്ലംഡോഗ് മില്യനയറിലെ ജയ്ഹോ എന്ന പാട്ടാണു അവാർഡ് നിശയുടെ സമാപനഗാനമായി ബെന്നി ആലപിച്ചത്. സംഗീത സംവിധായകൻ തേജ് മെർവിനാണ് ഓർക്കസ്ട്ര നയിച്ചത്. 'ജയഹോ... ജയഹോ....'. കാണികൾ പിരിഞ്ഞു. താരങ്ങൾ അകന്നു. അടുത്ത വർഷം വീണ്ടും കാണാമെന്ന ഉറപ്പോടെ. ●

**അവാർഡ് നിശയുടെ അവതാരകർ:**
**രമ്യ രവീന്ദ്രൻ, ദീപ വിജയൻ, റിമ കല്ലിങ്കൽ**




കൂടുതൽ ചിത്രങ്ങൾക്കു സന്ദർശിക്കുക:
vanitha.manoramaonline.com

Main sponsor
NIPPON PAINT

Co-sponsored by
Kalyan Jewellers
INDROYAL Global Furniture
Jayalakshmi Celebrations in Silk. Since 1947 M.G.Road, Ernakulam
Chemmanur Opticals : Watches
FEDERAL BANK YOUR PERFECT BANKING PARTNER
BLOSSOM
HAPPY
Prestige
gulfgate



# Love
# ലാ

മിന്നിത്തിളങ്ങാൻ
മനം കവരും
ലാച്ച സെറ്റുകൾ.

**കറുപ്പിൽ വിളങ്ങും സുന്ദരി**

റാപ്പ് എറൗണ്ട് സ്റ്റൈലിൽ വർക്ക് ചെയ്തെടുത്ത സ്കർട്ടിന് എന്താ ചേല്? നിറയെ ഗോൾഡൻ, സിൽവർ വർക്കു ചെയ്ത നീളമുള്ള ടോപ്പിന്റെ സ്ലീവിലും അടിയിലും ഹെവിബോർഡർ വർക്ക് ചെയ്തിരിക്കുന്നത് സ്കർട്ടിന് ഇരട്ടയഴകു നൽകുന്നു.




**സിൽവർ സ്റ്റൈൽ**

കറുപ്പിൽ
ഏതു നിറത്തിനും
എടുപ്പുണ്ട്. പക്ഷേ,
സിൽവർ നിറത്തിന്
മറ്റേതു നിറത്തിനെക്കാളും
എടുപ്പുണ്ട്.
ബ്ലൗസ് സ്റ്റൈൽ
ടോപ്പും സ്വരോസ്കി
യും സർദോസി വർക്കും
ചെയ്ത
സ്കർട്ടും സിംപിൾ
ദുപ്പട്ടയും അണിഞ്ഞു
ചെന്നാൽ ഏതു
പാർട്ടിയിലും
നിങ്ങൾ ശ്രദ്ധിക്കപ്പെടും.